# THE CHURCH WEEKLY

| Vol. VIII. | SUNDAY 18TH JULY 1954 | PRICE 2 ANNAS A COPY | NO. 28 |
| --- | --- | --- | --- |


## WHAT HAPPENED AT PENTECOST?

Dr. James Reid

*And I will put my spirit within you and cause you to walk in my statutes*—Ezeckiel 36: 27

What happened at Pentecost?

We can distinguish two things—a whole-hearted commitment of themselves by the disciples to the service of Christ, and the gift of the power to fulfil the tasks to which He called them The same kind of challenge and the same offer of power was made through the prophet Ezekiel to the Jewish exiles in Babylon· Their tragic experience had taught them much. It had brought them to their knees in penitence and despair· There are echoes of it in many of the Psalms· "By the rivers of Babylon, there we sat down, yea we wept, when we remembered Zion"

But God had not forsaken them· When at last they were ready for a new beginning Ezekiel was sent to them with a message of hope, God had a future for them if they were willing to become what He was ready to make them—a people who would do His will. Through this inner change and the power of God's spirit they could rebuild their nation. "I will put my spirit within you and cause you to walk in my statutes"

There are no short-cuts to recovery either for a Church or a nation We think it would be easy for God to restore the ruins and rebuild the waste places by an act of His Will· But a new material world cannot come into being and become a home for the spirit except as the product of new men, and only God can make these· The new world begins there·

When we are renewed within even the difficulties of life become a stimulus to the spirit of faith and love. It is thus that God's spirit works redeemingly on the world in which we live· When Cromwell was creating the army through which he was reshaping the social and political life of England, he saw that the pivotal point in his revolution was the character of the men he trained and led. It was at this point also that God set to work restoring the shattered kingdom of Israel

The method of recovery is still the same: In his Diary *Unwilling Journey*, Gollwitzer, a German pastor describes the experiences through which he passed when at the end of the last war he found himself among the prisoners sent to Russia. The German nation had been broken in defeat and he was one of the exiles· He found guidance for every step on that tragic journey in texts from the Bible in a Moravian Calendar. One morning the text for the day was Ezekiel's call to the captive in Babylon which he translates "I will put my spirit within ... saith the Lord and will make ... such people as walk in ... statutes· "The phrase "s... people" opened his eyes to t... kind of man God wanted to ma... him.

He writes in his Diary, "You knows how far short we ca... being 'such people, but the p... mise has been given, which makes sense of whatever might happe... Everything that should be orde... or permitted for me was part... the purpose of God to mak... one of 'such people'· Up till ... 'walking in His statutes' ... not succeeded very well, b... God was going to help me· It was now my concern to allow myself to be helped through whatever might happen· The words 'such people' rang in my ears and made sense of everything that at first seemed meaningless· We were stiff with cold, conscious of every bone in our bodies; we were prisoners and hungry All our prayers seemed unanswered· But perhaps the little scrap of Christian faith that had grown into my life with all the prayers and communion services and self-discipline had been nothing else but one single supplication

"Make me one of such people"

It is this complete commitment that makes it possible for God to shape and use us, to walk in His statutes may not seem a very attractive idea, but love can turn statutes into songs "If a man love me·" said Christ, "he will keep my words·" That is the heart of the matter· When we think of "such people as walk in God's statutes" it is to Him we turn for light and for power· He has the power to win our love and to ma... us want above everything e... be like Him "Th... said Paul, "... the ... has ... pull ...

our minds to the vision of God's purpose and win our free and glad obedience. This is the miracle that God works in those who are committed to Him. it is such people He can shape and use for the buiding of His Kingdom

The desire to be such people can give us the kee to life, guiding our steps from day to day and lighting up for us as we go through the darkness of the world. The power to become "such people" and to face life in this spirit is God's gift. It springs from His own indwelling Spirit. Without this the world we live in is too much for any of us. Wells has great visions of what the future might be and wrote many books to set them forth. His problem, however, was to find the men who could carry out his ideas. A friendly writer says of him that when he came on someone he thought could do this he was at first enthusiastic, then became disillusioned and finally embittered and contemptuous. In the end he died in complete despair his mind, as he said inhis last book "at the end of its tether." He did not know the Christian secret of renewal. It is when we come to despair that God puts forth His hand to save. When we are humble enough to let Him take us in hand He will shape and use us. He will make us 'such people as walk in His statutes."

PRAYER

O God, who hast made us for Thyself, help us to seek and to find in Thy service the meaning of life. May we see in Christ Jesus our Lord what Thou art seeking to make us and so to keep our minds open to His glory that we may come to share His Spirit. Give us the power both to will and to do [illegible]at Thou commandest and to ac- [illegible]ll the disciplines of life [illegible] dost equip us [illegible] Kingdom.

# ഇൻഡ്യയിലെ ക്രൈസ്തവസഭ

ഡോ. എൻ. സെർണോവ്

## II

### പൗരസ്ത്യമനോഭാവം

എന്റെ മൂന്നാമത്തെ അഭിപ്രായം പൗരസ്ത്യപാശ്ചാത്യക്രിസ്ത്യാനികൾ തമ്മിൽ ഇപ്പോഴുള്ള വഴക്കു കളഞ്ഞു സജീവവും സ്നേഹപൂർണ്ണവുമായ സഹകരണമുണ്ടാകാതെ ക്രിസ്തുമതപ്രചാരം ഇൻഡ്യയിലുണ്ടാകുക അസാദ്ധ്യമാണെന്നാണ്. ഞാനൊരു ഓർത്തഡോക്സുകാരനായതുകൊണ്ടാണ് ഇപ്രകാരം പറയുന്നതെന്നു ചിലർക്കു തോന്നിയേക്കാം. എന്നാൽ പാശ്ചാത്യസഭാവിഭാഗങ്ങളുടെ അംഗങ്ങളായ ഇന്ത്യൻ ക്രിസ്ത്യാനികൾ പൗരസ്ത്യസഭയെക്കുറിച്ചു കൂടുതൽ അറിയണമെന്നു ഞാൻ നിർബന്ധിക്കുമ്പോൾ വസ്തുതകളെ വേണ്ടത്ര നിരീക്ഷണം ചെയ്തുകൊണ്ടാണു ഞാനങ്ങനെ ചെയ്യുന്നതെന്നാണെന്റെ പ്രത്യാശ. ക്രിസ്തുമതത്തെ പൗരസ്ത്യർ എപ്രകാരമാണു കാണുന്നതെന്നുള്ള വിഷയത്തെക്കുറിച്ചാണു മിക്ക വൈദികകോളജുകളിലും ഞാൻ പ്രസംഗിച്ചതു്. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു പൗരസ്ത്യപാരമ്പര്യത്തിന്റെ മൗലികമായ തത്വങ്ങൾ ഇംഗ്ലണ്ടിൽനിന്നും (പടിഞ്ഞാറു നിന്നും) വന്ന എന്നെപ്പോലെയുള്ള ഒരാൾ പറഞ്ഞുകൊടുക്കണമെന്നതു് ലജ്ജാകരമായി എനിക്കു തോന്നി. മാത്രമല്ല ഇന്ത്യയിലെ വൈദികവിദ്യാർത്ഥികൾ ഇംഗ്ലീഷ് വേദശാസ്ത്രജ്ഞന്മാരെക്കാൾ വളരെക്കുറച്ചേ പൗരസ്ത്യസഭയെക്കുറിച്ച് അറിയുന്നുള്ളു എന്നു മനസ്സിലാക്കിയതു് എനിക്ക് ഒരു അത്ഭുതമായിരുന്നു. വി[illegible] സ്ഥലങ്ങളിൽ വച്ചു നടന്ന എ[illegible] പ്രസംഗങ്ങൾക്കു ശേഷമുള്ള [illegible] പൗരസ്ത്യക്രിസ്തുമതത്തെക്കു[illegible] എന്റെ കേൾവിക്കാർ താല്പര്യമു[illegible]ണെന്നുള്ളതിനു തെളിവു നൽ[illegible] ഇന്ത്യൻ മനഃസ്ഥിതിക്കു പാശ്ചാ[illegible]ഖ്യാനങ്ങളെക്കാൾ ചേർന്നതു [illegible]സ്ത്യവ്യാഖ്യാനങ്ങളാണെന്നുള്ള അ[illegible]പ്രായം പലരും പ്രകടിപ്പിക്കുന്നതു [illegible]ല അവസരങ്ങളിലും ഞാൻ കേൾ[illegible]കുകയുണ്ടായി. ഇതൊരു പുതുമയല്ല. [illegible]രണം പൗരസ്ത്യവീക്ഷണത്തിന്റെ [illegible]ഭാവങ്ങളാണു ഇന്ത്യാക്കാർക്കുള്ളതു്. [illegible]ചാത്യസഭകൾ ഇന്ത്യൻജനതയ്ക്കു ന[illegible]യിട്ടുള്ള സംഭാവനകൾ വിലയേറി[illegible] നിലനിൽക്കുന്നതുമാണ്. പരി[illegible]പൂർണ്ണമായി പൗരസ്ത്യമായ ഒരു പാരമ്പര്യമാണ് ഇന്ത്യൻസഭയ്ക്കു വേണ്ടതെന്നു പറയുന്ന ഒരാളല്ല ഞാൻ. പ്രത്യുത എന്റെ അഭിപ്രായം ഇവിടത്തെ സഭയ്ക്കു പാശ്ചാത്യവും പൗരസ്ത്യവുമായ വ്യാഖ്യാനങ്ങളെ ഉൾക്കൊള്ളുന്ന ഒരു ക്രിസ്തീയസത്യമാണു വേണ്ടിയിരിക്കുന്നതെന്നാണ്.

ഈ ഒരു ബോധം എന്റെ നാലാമത്തെ പോയിന്റിലേക്ക് എന്നെ കൊണ്ടുവരുന്നു. ഈ രാജ്യത്തുള്ള ക്രിസ്ത്യാനികളിൽ പൗരസ്ത്യപാരമ്പര്യമുള്ള ഏകസഭ തിരുവിതാംകൂറിലെ ഓർത്തഡോക്സ് സുറിയാനിസഭ മാത്രമാകയാൽ ഒരു പൊതുഇന്ത്യൻസഭയ്ക്കാണ് അതിന്റെ പ്രാധാന്യം. പോർട്ടുഗീസുകാർ ഇവിടെ വന്ന ഉടനെ ഇവിടത്തെ പുരാതനസഭയെ ലത്തീൻസഭയാക്കുവാനു ശ്രമിച്ചതെന്നുള്ളതു സഭാചരിത്രത്തിലെ ഏറ്റവും നിർഭാഗ്യകരങ്ങളായ സംഭവങ്ങളിലൊന്നാണ്. പാശ്ചാത്യസഭകളുടെ പാരമ്പര്യം പൗരസ്ത്യപാരമ്പര്യത്തെക്കാളുന്നതമെന്ന ബോധത്താൽ മതിമറന്ന പ്രോട്ടസ്റ്റന്റു മിഷ്യനറിമാരും ഇതേ നയം തന്നെയാണു തുടർന്നതു്. പൗരസ്ത്യസമ്പ്രദായങ്ങളെയും വീക്ഷണഗതികളെയും അവർ അടിച്ചമർത്തുകയും തൽസ്ഥാനത്തു അവരുടേതു സ്ഥാപിക്കയും ചെയ്തു. അതുകൊണ്ടു സകല പാശ്ചാത്യക്രിസ്ത്യാനികളെയുംകുറിച്ചു ആഴമായ ഒരു ആശങ്ക സിറിയൻ ഓർത്തഡോക്സുകാരുടെയിടയിൽ പരന്നു. ഈ സംശയം ലത്തീനും പ്രോട്ടസ്റ്റന്റുകാരുമായ പാശ്ചാത്യരുടെ നിഷ്ഠുരതയോടു കൂടിക്കലർന്നപ്പോൾ ഇന്ത്യൻ ഓർത്തഡോക്സുകാരും വിദേശികളുമായുള്ള സംബന്ധം വളരെ ദുഷ്കരമായിത്തീർന്നു.

തിരുവിതാംകൂറിലെ ഓർത്തഡോക്സ് സഭ ഇപ്പോൾ അല്പാല്പമായി അതിന്റെ ഏകാന്തതയിൽ നിന്നും മാറി മറ്റു ക്രിസ്ത്യാനികളുമായി സഹകരിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. രണ്ടു മാർഗ്ഗങ്ങളിൽക്കൂടിയാണ് ഈ പ്രസ്ഥാനം പുരോഗമിക്കുന്നതു്. ഒരു വശത്തു സുറിയാനിക്കാർ എക്യുമിനിക്കൽ പ്രസ്ഥാനത്തിൽ പങ്കെടുക്കുവാൻ ഒരു സന്നദ്ധത കാണിക്കുന്നു. മറുവശത്തു ബൈസന്റൈയിൻ പാരമ്പര്യം പിൻതുടരുന്ന പൗ

രസ്ത്യഓർത്തഡോക്സ് സഭയുടെ പ്രധാന വിഭാഗത്തോടു കൂടുതൽ കൂടുതൽ സമീപിക്കുന്നു. ഈ ബൈസൻറയിൻ സഭ സുറിയാനിക്കാർ ഉൾപ്പെട്ടിരിക്കുന്ന "പൗരസ്ത്യദേശീയസഭകളുടെ കൂട്ടത്തിൽ" നിന്നും ഭിന്നമാണ്. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ 17-ാം ശതകം മുതൽ ഹോംസിലെ ഏകസ്വഭാവവാദിയായ പാത്രിയർക്കീസുമായി സംസർഗ്ഗത്തിലേർപ്പെട്ടിരുന്നു. എന്നാൽ അവർ സത്യവിശ്വാസത്തെ പരിരക്ഷിച്ചിരുന്നു. 1910-ൽ ഈ സഭയിലെ പുരോഗമനകാംക്ഷികളായ കാതോലിക്കോസ് പാർട്ടി എന്നറിയപ്പെടുന്ന ഒരു വിഭാഗം ദൂരസ്ഥനായ അറബിസാമ്രാട്ടിൻെറ പിടിയിൽനിന്നും സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്കയും, ഏകസ്വഭാവവാദത്തോടുള്ള ബന്ധത്തിൽനിന്നു ലഭിച്ച "യാക്കോബായ" എന്ന പേരു ഉപേക്ഷിച്ചു "ഓർത്തഡോക്സ്" എന്ന അതിൻെറ യഥാർത്ഥ നാമം സ്വീകരിക്കുകയും ചെയ്തു. ഏററവും അധികം വെളിച്ചം ലഭിച്ച പുരോഗമനവീക്ഷണഗതിയോടു കൂടി പ്രവർത്തിക്കുന്നതു ഈ വിഭാഗക്കാരാണ്. ഇന്ത്യയിലെ പാശ്ചാത്യസഭകൾ അവരുമായി ബന്ധം പാലിക്കുന്നതു ഇരുകൂട്ടർക്കും പ്രയോജനകരമായിരിക്കും. മാർത്തോമ്മാസഭ എന്നൊരു പൗരസ്ത്യവിഭാഗം കൂടി തിരുവിതാംകൂറിലുണ്ട്. പ്രോട്ടസ്റ്റൻറു മിഷ്യനുമായുള്ള ഏററുമുട്ടൽ മൂലം (സഭയുടെ മൂലശരീരത്തിൽ) നിന്നും വേർപെട്ടവരാണിവർ. ഇവാൻജലിക്കൽ ക്രിസ്ത്യാനികളുടെ വിശ്വാസത്തിനനുരൂപമായി അവരുടെ വിശ്വാസങ്ങൾ അവർ രൂപാന്തരപ്പെടുത്തി. എന്നാൽ പൗരസ്ത്യമായ ആരാധന അവർ നഷ്ടപ്പെടുത്തിയില്ല. മിഷ്യനറിവേലയിൽ വളരെ താല്പര്യമുള്ള ഒരു സമുദായമാണിതു്. അതുകൊണ്ടു് അതിനോടുള്ള സഹകരണം വളരെ സഹായകമായിരിക്കും. പാശ്ചാത്യആരാധനാരീതികൾ തുടരുന്ന ഇന്ത്യാക്കാർക്കു് ഓർത്തഡോക്സ് ആരാധനയുടെ മാഹാത്മ്യം മാർത്തോമ്മാക്കാരിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. അതുപോലെ ആധുനിക പ്രോട്ടസ്റ്റൻറുമതത്തിൻെറ സാർവ്വത്രികവും വിശാലവുമായ വീക്ഷണം മാർത്തോമ്മാക്കാർക്കും പ്രചോദനകരമായിരിക്കും.

കഴിഞ്ഞ കാലത്തുണ്ടായ സങ്കടങ്ങളെ മറക്കുകയെന്നുള്ളതും തെററുകളെ ക്ഷമിക്കയെന്നുള്ളതും അത്ര ക്ഷിപ്രസാദ്ധ്യമല്ല. എന്നാൽ ഇൻഡ്യയിലെ പാശ്ചാത്യരും പൗരസ്ത്യരുമായുള്ള ക്രിസ്ത്യാനികൾ ഒന്നിച്ചു ചേരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അന്യോന്യം സംസാരിക്കയും കുററം പറയുകയും ചെയ്യുന്നതിനുപകരം ഇരുഭാഗത്തുമുള്ള നന്മകളെ ഉൾക്കൊള്ളുന്ന ഒരു ഐക്യസഭ കെട്ടിപ്പടുക്കുവാൻ ആരംഭിക്കേണ്ടതാണ്. അന്യോന്യം സഹായിക്കേണ്ടതിൻെറ ആവശ്യകത വർദ്ധമാനമായി ബോധ്യപ്പെട്ടു വരുന്നതോടുകൂടിത്തന്നെ പാശ്ചാത്യരും പൗരസ്ത്യരുമായുള്ള വ്യത്യാസത്തിൻെറ മൂലം എവിടെയാണു സ്ഥിതിചെയ്യുന്നതെന്നുള്ള പ്രശ്നവും ഉദിക്കുന്നു.

## വ്യത്യാസത്തിനുള്ള കാരണങ്ങൾ

സഭാചരിത്രത്തിൽ നിന്നോ, വേദശാസ്ത്രനിയമങ്ങളിൽനിന്നോ തൃപ്തികരമായ ഒരുത്തരം ഇതിനു ലഭിക്കുവാൻ പ്രയാസമാണ്. പാശ്ചാത്യക്രിസ്ത്യാനികളും പൗരസ്ത്യക്രിസ്ത്യാനികളും തമ്മിലുള്ള അഭിപ്രായഭിന്നതയ്ക്കു പ്രധാനകാരണം പരിശുദ്ധാത്മാവിൻെറ പുറപ്പാടിനെക്കുറിച്ചുള്ള വിശ്വാസവ്യത്യാസമാണെന്നു ചില പുസ്തകങ്ങൾ പറയുന്നു. പാപ്പായുടെ അവകാശവാദങ്ങളുള്ള നിഷ്ക്കരുണം ഓർത്തഡോക്സ് സഭ ഉപേക്ഷിച്ചതാണു ഭിന്നതയ്ക്കു കാരണമെന്നു മററു ചിലർ പറയുന്നു. എന്നാൽ ഈ വാക്കുകളൊന്നും ചിരകാലമായി ഈ സഭാവിഭാഗങ്ങൾ തമ്മിലുള്ള വൈരാഗ്യത്തിനു കാരണമായ വീക്ഷണഗതിയിലുള്ള ആഴമായ വ്യത്യാസത്തെ വേണ്ടവണ്ണം വിശകലനം ചെയ്യുവാൻ ശ്രമിക്കുന്നില്ല.

ഇങ്ങനെയൊരു കാരണം പാശ്ചാത്യരും പൗരസ്ത്യരുമായ വേദശാസ്ത്രജ്ഞന്മാർ അവരുടെ ഭിന്നതയ്ക്കുള്ള കാരണങ്ങൾമനസ്സിലാക്കിത്തുടങ്ങിയിട്ടേയുള്ളു വെന്നതാണ്. കാരണം, ഈ വ്യത്യാസങ്ങൾ പ്രധാനമായി വിശ്വാസത്തിലുള്ളതല്ല, പിന്നെയോ ജീവിതത്തോടു പൊതുവേയുള്ള മനോഭാവത്തിലാണ്. ത്രിത്വത്തെക്കുറിച്ചും മനുഷ്യാവതാരത്തെക്കുറിച്ചുമുള്ള വിശ്വാസത്തിൽ പാശ്ചാത്യർക്കും പൗരസ്ത്യർക്കും ഐക്യമുണ്ട്. അവരുടെ വേദപുസ്തകവും, വിശ്വാസപ്രമാണവും, കൂദാശകളും ഒന്നുതന്നെ. എന്നാൽ അവരുടെ ക്രിസ്തീയ വിശ്വാസം പ്രതിദിന ജീവിതത്തിൽ പ്രായോഗികമാകുമ്പോൾ മതത്തോടുള്ള അവരുടെ മനോഭാവത്തിൽ സാരമായ വ്യത്യാസം കാണുന്നുണ്ട്. പാശ്ചാത്യരീതി (റോമനും, പ്രോട്ടസ്റ്റൻറും) അടിസ്ഥാനപരമായി വ്യക്തിപര (Indivdualistic) മാണ്; എന്നാൽ പൗരസ്ത്യം സാമുദായികമാണ്. പാശ്ചാത്യർ ആത്മാവും വസ്തുക്കളും പരിപൂർണ്ണമായി വ്യത്യസ്തമാണെന്നു പറയുമ്പോൾ അവരണ്ടും ഒരേസൃഷ്ടിയുടെ രണ്ടുഭാഗങ്ങളെന്ന നിലയിലാണു പൗരസ്ത്യർ കാണുന്നതു്. വീണ്ടെടുപ്പിനെ മനുഷ്യനെ സ്പർശിക്കുന്ന ദൈവത്തിൻെറ പ്രവർത്തനമെന്ന നിലയിലാണു പാശ്ചാത്യർ വ്യാഖ്യാനിക്കുന്നതു്. എന്നാൽ അതിൻെറ സാർവത്രികമായ സ്വഭാവത്തെ കൂടി പൗരസ്ത്യർ വിലമതിക്കുന്നു.

ഈ കാര്യങ്ങളിലെല്ലാം പാശ്ചാത്യരു പൗരസ്ത്യരും തമ്മിൽ ഭിന്നിച്ചിരിക്കയല്ല ചെയ്യുന്നതു്, പ്രത്യുത ഒന്നു മററതിനെ പൂർത്തീകരിക്കയാണു ചെയ്യുന്നതു്. അവരുടെ വ്യാഖ്യാനങ്ങൾ ഒന്നിച്ചെടുക്കുമ്പോൾ മാത്രമേ, വ്യക്തികളും സമുദായവും തമ്മിലുള്ള ബന്ധം, വസ്തുവും ആത്മാവു തമ്മിലുള്ള അന്യോന്യബന്ധം മുതലായ പ്രശ്നങ്ങൾക്കു വികല്പമില്ലാത്ത ക്രിസ്തീയ ഉത്തരം ലഭിക്കയുള്ളു. ഈരണ്ടു പ്രശ്നങ്ങളാണു ഇന്നത്തെ കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്നതു്. അവക്കു ശരിയായ പരിഹാരം കണ്ടുപിടിയ്ക്കുകയെന്നുള്ളതാണ് ലോകത്തിലാകമാനമുള്ള സഭകളെ ഇന്നു അഭിമുഖീകരിയ്ക്കുന്ന കർത്തവ്യം. കഴിഞ്ഞ കാലത്തു് ഈ സുപ്രധാന പ്രശ്നങ്ങളെ വിവിധ മാർഗ്ഗങ്ങളിൽകൂടി പാശ്ചാത്യരും പൗരസ്ത്യരും അഭിമുഖീകരിച്ചതിനാൽ അവർ തമ്മിൽ നീരസത്തിനു അതിടയാക്കി. മാത്രമല്ല, അന്ധവിശ്വാസങ്ങൾക്കും അജ്ഞതയ്ക്കും അന്യോന്യം കുററം പറകയും ചെയ്തു. എന്നാൽ ഈ വ്യത്യാസങ്ങൾ ക്രിസ്തീയ സഭയുടെ അഭിവൃദ്ധിയുടേയും സാർവത്രികസ്വഭാവത്തിൻേറയും പ്രകടനമായി പരിഗണിക്കപ്പെടേണ്ടതാണ്. അല്ലാതെ ഒരു കാരണമല്ല. പൗരസ്ത്യരുടെ മദ്ബഹകളിലും പാശ്ചാത്യരുടെ തുറന്നുമുള്ള ബലിപീഠം, വി. കുർബാനയുടെ ആകൃതി, പട്ടക്കാരും സാധാരണജനങ്ങളുമായുള്ള ബന്ധം, വിവാഹം മുതലായ കൂദാശകളോടുള്ള മനോഭാവം എന്നിങ്ങനെ സഭാജീവിതത്തി- പാശ്ചാത്യവും, പൗരസ്ത്യവുമായ ആരാധനാസമ്പ്രദായങ്ങളുടെ മിക്ക സ്വഭാവങ്ങളും പാശ്ചാത്യരേയും പൗരസ്ത്യരേയും രണ്ടു വിഭിന്ന ഘടകങ്ങളായി വേർതിരിക്കുന്ന ആ മൗലിക വിശ്വാസങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. ഈ സ്വഭാവങ്ങൾ വളരെ ശ്രദ്ധയോടുകൂടി ഇപ്പോൾ പഠിക്കേണ്ടതായിട്ടാണിരിക്കുന്നതു്. കാരണം അവയെ ശരിക്കു വേണ്ടവി

ധം മനസ്സിലാക്കിക്കഴിഞ്ഞാൽ ഐക്യത്തിനും സഹകരണത്തിനുമുള്ള മാർഗ്ഗത്തിൽ അതൊരു തടങ്കൽ പാറയായിരിക്കാതെ സഭയുടെ ഐക്യമെന്നുള്ളതു ഏകീകരണമല്ലെന്നുള്ളതിനു പ്രചോദനം നൽകുന്ന ഒരു തെളിവായിത്തീരും. മാത്രമല്ല മനുഷ്യാവതാരത്തിൽ വിശ്വസിക്കുന്നവരുടെ സാർവത്രിക കൂട്ടായ്മയിൽ മനുഷ്യവർഗ്ഗത്തിൽപ്പെട്ട എല്ലാ ജാതിക്കാർക്കും മാന്യമായ ഒരു സ്ഥാനമുണ്ടെന്നും വെളിവാകും.

ഇൻഡ്യയിലെ സഭകളുമായി ബന്ധപ്പെട്ടതു മൂലം എൻ്റെ മനസ്സിലുണ്ടായ അഭിപ്രായങ്ങളിലും തീരുമാനങ്ങളിലും ചിലതു് ഇവയൊക്കെയാണു്.

## സഭയുടെ ഭാവി

അവസാനമായി അവയെ ചുരുക്കത്തിൽ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഇനിയും ക്രിസ്തുമതം ഇൻഡ്യയിൽ പ്രചരിക്കണമെങ്കിൽ ഇപ്പോഴുള്ള സഭകൾ ഒരു മിഷ്യനറി സഭയായി രൂപാന്തരപ്പെടണമെന്നാണു് എൻ്റെ വിശ്വാസം.

2. ഈ വ്യതിയാനത്തി മുമ്പായി തന്നെ സഭകൾ ഇൻഡ്യൻ രീതിയിലാക്കിത്തീർക്കേണ്ടതാണു്. അപ്പോൾ ഇൻഡ്യയിൽ പാശ്ചാത്യസഭാവിഭാഗങ്ങൾ ഉണ്ടായിരിക്കയില്ല.

3. ഇങ്ങനെ ഇൻഡ്യൻ രീതിയിലാക്കുന്നതു വിജയകരമായിത്തീരണമെങ്കിൽ ഇൻഡ്യയിലുള്ള പാശ്ചാത്യപൗരസ്ത്യ സഭകൾ അവയുടെ പാരമ്പര്യങ്ങൾ ഒന്നിച്ചു ചേർത്തു് ഒരു സഭയായിത്തീർന്നെങ്കിലേ സാധിക്കയുള്ളു.

4. ഈ വിഷയത്തിൽ സിറിയൻ ഓർത്തഡോക്സ് സഭക്കാണു് മുഖ്യസ്ഥാനമുള്ളതു. എന്നാൽ ഇതു സാധിക്കുന്നതിനാവശ്യമായ കഴിവു് അവർക്കു ലഭിക്കണമെങ്കിൽ അവർ ആദ്യമായി പൗരസ്ത്യസഭയുടെ സുപ്രധാനഭാഗവുമായി അനുരഞ്ജനത്തിലെത്തേണ്ടിയിരിക്കുന്നു. അവരുടെ ഇപ്പോഴത്തെ ഇടുങ്ങിയ വർഗ്ഗീയ മനോഭാവത്തിൽ നിന്നും രക്ഷ നേടുന്നതിനു അതു് സഹായകമായിരിക്കും.

4. അതുകൊണ്ടു് ഇൻഡ്യൻ സഭയുടെ ഭാവി, ഇവിടെയുള്ള പുനരൈക്യ സംരംഭങ്ങൾ വിജയിക്കുന്നതിനേയോ പരാജയപ്പെടുന്നതിനേയോ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്. പ്രത്യുത വലിയ പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ഭാവിയേക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്. തിരുവിതാംകൂറിലെ സുറിയാനി സമുദായത്തിനു പുനർജീവൻ നൽകുന്നതിനു അവയുടെ ഉപദേശങ്ങളും സഹായവും അത്യന്താപേക്ഷിതമാണല്ലോ.

റഷ്യയിലും ബാൽക്കൻ രാജ്യങ്ങളിലും സഭക്കുണ്ടായ അനുഭവവുമായി ഈ ചെറിയ ഭൂഖണ്ഡത്തിൽ ക്രിസ്തീയ വിശ്വാസത്തിനുണ്ടാകുന്ന വിജയത്തിനു യാതൊരു ബന്ധവുമില്ലെന്നു തോന്നിയേക്കാം. എന്നാൽ സുസൂക്ഷ്മം പരിശോധിക്കുമ്പോൾ അവ തമ്മിൽ വളരെ ബന്ധപ്പെട്ടാണിരിക്കുന്നതെന്നു കാണ്മാൻ കഴിയും. പൗരസ്ത്യയൂറോപ്പിൽ മതസ്വാതന്ത്ര്യം വീണ്ടെടുത്തതിനു തീർച്ചയായും ഏഷ്യയിലെ ക്രിസ്ത്യാനികളുടെ മേൽ വിദൂരമായ ഒരു പരിണതഫലമുണ്ടു്, കാരണം ഇൻഡ്യൻ സഭയുടെ വളർച്ചയ്ക്കു ഓർത്തഡോക്സുകാർക്കു വളരെയധികം നൽകുവാനുണ്ടു്. സ്വഭാവത്തിലും കലയിലും പ്രകടനത്തിലും പരിപൂർണ്ണമായി ദേശീയമായിരിക്കുന്നതോടൊപ്പം തന്നെ പഠിപ്പിക്കലാലും പ്രചോദനത്താലും യഥാർത്ഥരായി സാർവത്രികമായിരിക്കുവാനും അതു സഹായിക്കും. അങ്ങനെയുള്ള ഒരു സഭ അവരുടെ സ്വന്തം ആളുകളുടെയിടയിൽ ശക്തിയായ സുവിശേഷീകരണം നടത്തുന്ന ഒരു സമൂഹമായിരിക്കുമെന്നു മാത്രമല്ല, ക്രിസ്ത്യാനികളുടെ എക്യൂമിനിക്കൽ കുടുംബത്തിലെ ഒരു പ്രമുഖ അംഗം കൂടിയായിരിക്കും. കാരണം പൗരാണികവും മഹത്തരവുമായ ഈ നാട്ടിലെ ആളുകളുടെ ബുദ്ധിയും ഭക്തിയും ഇൻഡ്യൻസഭയുടെ ജീവനിലും ആരാധനയിലും കടന്നുകൂടേണ്ടതു് ലോത്തിൻ്റെ മുഴുവനും ഒരാവശ്യമാണു്.

യേശുവിനെ കർത്താവായി സ്വീകരിക്കയും അവൻ്റെ ആത്മാവിൻ്റെ ഫലങ്ങൾ സാമൂഹ്യജീവിതത്തിൽ പുറപ്പെടുവിക്കയും ചെയ്യുന്ന ഏതെങ്കിലും ഒരു പുരുഷനോ സ്ത്രീക്കോ ക്രിസ്തുവിലുള്ള കൂട്ടായ്മ നാം നിഷേധിക്കുന്നുവെങ്കിൽ അതു നമ്മുടെ സ്വന്തം നാശത്തിനു തന്നെയാണു് കാരണമായിത്തീരുന്നതെന്നു ഞാൻ വിചാരിക്കുന്നു. ഏതൊരു വിധിയാൽ നാം വിധിക്കുന്നുവോ അതിനാൽ നാമും വിധിക്കപ്പെടും. അതുകൊണ്ടു ക്രിസ്തു നമ്മെ സ്വീകരിച്ചതുപോലെ നാമും അന്യോന്യം സ്വീകരിപ്പാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു.

ബിഷപ്പ് ന്യൂബിഗിൻ– 'The Household of God' എന്ന പുസ്തകത്തിൽ.

**India's Largest Composite Insurance Company**

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

**New India Assurance Co. Ltd,.**

**H. O. BOMBAY.**

**West Coast Branch: Ernakulam.**

**Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.**

# ക്രൈസ്തവലോകവാർത്തകൾ

കെ. വി. മാമ്മൻ ബി. എ.

### ഒരു നിർദ്ദേശം

അമേരിക്കാ റഷ്യാ എന്നീ ശക്തികൾക്ക് ഇടയ്ക്കു സ്വതന്ത്രബ്രിട്ടീഷ് കോമൺവെൽത്തു രാജ്യങ്ങൾ മൂന്നാമതായി ഒരു ഗ്രൂപ്പു രൂപവൽക്കരിക്കുമെങ്കിൽ അതായിരിക്കും രാഷ്ട്രീയമായി സമാധാനം സ്ഥാപിക്കുന്നതിനുള്ള മികച്ച മാർഗ്ഗമെന്ന് ആസ്ട്രേലിയായുടെ ഐക്യരാഷ്ട്രഡലിഗേഷൻ മതോപദേശകനായിരുന്ന റവ. അല്ലൻവാക്കർ ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

### സഞ്ചരിച്ചു നന്മ ചെയ്യുന്നു

ഗ്രാമാന്തരങ്ങളിൽ സഞ്ചരിച്ചു ജനങ്ങൾക്ക് ആദ്ധ്യാത്മികവും, ലൌകികവുമായ ആവശ്യങ്ങൾ നിറവേററിക്കൊടുക്കുന്ന ആസ്ട്രേലിയായിലെ ഒരു 'നല്ല മനുഷ്യൻ' വീണ്ടും സഞ്ചാരമാരംഭിച്ചിരിക്കുന്നു. അടുത്ത കാലത്തു ബ്രിസ്ബെയിൻ-ടണിൽ മൂന്നുമാസക്കാലത്തോളം നീണ്ടുനിന്ന ഒരു സഞ്ചാരപരിപാടി കഴിഞ്ഞശേഷമാണ് ഇപ്പോൾ നഗരാതിർത്തിക്കു വെളിയിൽ പോയിരിക്കുന്നതു്.

### ഇൻഡ്യയ്ക്കു ഒരു സമ്പത്ത്

ഇൻഡ്യയിലെ വിദേശമിഷ്യനറിമാർ ഇൻഡ്യയ്ക്കു ഒരു സമ്പത്താണെന്നത്രെ കഴിഞ്ഞ മാസത്തിൽ ഡെൽഹിയിൽവച്ചു ചെയ്ത ഒരു പ്രസംഗമദ്ധ്യേ ഡോ. സ്റ്റാൻലി ജോൺസു പ്രസ്താവിച്ചതു്

### കർമ്മനിരതമായ ക്രൈസ്തവ സഭകൾ

ചൈനാ, ജപ്പാൻ, ഇൻഡോനേഷ്യാ മുതലായ രാജ്യങ്ങൾ സന്ദർശിച്ച ശേഷം മാർത്തോമ്മാ മിഷനറി ബിഷപ്പ് മാർ. അത്താനാസ്യോസ് തിരുമേനി ഇൻഡ്യയിൽ തിരിച്ചെത്തിയിരിക്കുന്നു. തിരുമേനി സന്ദർശിച്ച മേൽപറഞ്ഞ രാജ്യങ്ങളിലെ ക്രൈസ്തവസഭകൾ പ്രവർത്തനനിരതമായി പുരോഗമിക്കുന്നുവെന്നാണ് ഡെൽഹിയിൽവച്ചു തിരുമേനിയുടെ പത്രസമ്മേളനത്തിൽ ചെയ്ത പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു്. ഭാരതത്തിലെ പുരാതന ക്രൈസ്തവസഭയെ സന്ദർശിക്കുന്ന ഒരു വിദേശമിഷനറിക്കു എന്തനുഭവപ്പെട്ടുവോ എന്തോ?

### മാററിവച്ചു

ടെക്സാസിലെ ഹൂസ്റ്റണിൽ വർഗ്ഗ വിവേചനം നിലവിലിരിക്കുന്നതിനാൽ അവിടെവച്ചു കൂടുന്നതിനു നേരത്തെ നിശ്ചയിച്ചിരുന്ന അമേരിക്കൻ ഐക്യനാടുകളിലെ പ്രോട്ടസ്റ്റൻറ് എപ്പിസ്കോപ്പൽ സഭയുടെ സമ്മേളനം മാററിവച്ചിരിക്കുന്നു: വർഗ്ഗവിവേചനം ക്രൈസ്തവർക്കുചിതമല്ല.

### നിരോധിച്ചു

ആസ്ട്രേലിയയിലെ ഒരു പ്രധാന രാജ്യമായ ക്വീൻസിലാണ്ടിൽ ചീത്ത പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരവും ഗവർണ്മെൻറു നിരോധിച്ചിരിക്കുന്നു.

### ഇൻഡോനേഷ്യാ

യുദ്ധകാലത്തു നാശം സംഭവിച്ച ഒരു പ്രോട്ടസ്റ്റൻറ് പള്ളി പുതുതായി പണി തീർത്തതിൻെറ ഉൽഘാടനം അടുത്തകാലത്ത് നടത്തപ്പെട്ടു. ഉൽഘാടനയോഗത്തിലെ പ്രധാന പ്രാസംഗികൻ ഇൻഡോനേഷ്യൻ റിപ്പബ്ളിക്കിലെ മുസ്ലീം പ്രസിഡണ്ടായ മി. സൊക്കാർണോ ആയിരുന്നു. ഇസ്ലാം, ക്രിസ്തുമതം എന്നീ മതങ്ങൾ സൗഹാർദ്ദത്തോടുകൂടി ഒരുമിച്ചു വികസിക്കുന്നതിനുള്ള ഒരു രാജ്യമാണ് ഇൻഡോനേഷ്യയെന്നു പ്രസിഡണ്ടു പ്രസ്താവിക്കുകയുണ്ടായി. 1'00പേർക്ക് ഇരിക്കുന്നതിനു സൗകര്യമുള്ള പ്രധാന പള്ളിയാണ് ഇപ്പോൾപണി കഴിപ്പിച്ചിരിക്കുന്നതു്. അഖിലലോകസഭാകൌൺസിലിൻെറ ആസ്ട്രേലിയൻ കോൺഫറൻസാണ് ബലിപീഠവും, പള്ളിക്കകത്തെ ചില സജ്ജീകരണങ്ങളും പണിയിച്ചു കൊടുത്തതു്. ആകെ ഇൻഡോനേഷ്യയിൽ 80,000.000 ജനങ്ങൾ ഉണ്ട്. അതിൽ 2600000 ജനങ്ങൾ പ്രോട്ടസ്റ്റൻറുകാരാണ്.

### കൊറിയാ

സിയോളിലെ ഐക്യ ക്രൈസ്തവ കോളജ് 17 വർഷങ്ങളായി അടച്ചിട്ടിരുന്നതു് ഇപ്പോൾ പുനഃപ്രവർത്തനം ആരംഭിച്ചിരിക്കുന്നു. 1937-ൽ ഉണ്ടായ ഒരു തർക്കത്തെ തുടർന്നു ജപ്പാൻകാർ ബലം പ്രയോഗിച്ച് ഈ കോളജ് അടച്ചു പൂട്ടി. ചെറുപ്പകാലത്തു് ഈ കോളജിൽ പഠിച്ച ഒരു വ്യവസായ പ്രമുഖൻ നൽകിയ ധനസഹായംകൊണ്ടാണ് ഈ കോളജ് ഇപ്പോൾ ആരംഭിക്കുന്നതിനു ഇടയായതു്. 1700 വിദ്യാർത്ഥികൾ പ്രവേശനത്തിനപേക്ഷിച്ചിട്ടുണ്ടെങ്കിലും 210 പേർക്കു മാത്രമേ പഠന സൗകര്യമുള്ളു.

### ഇൻഡോ ചൈനാ

ഈ പൌരസ്ത്യരാജ്യത്തു യുദ്ധം നടത്തി നശിക്കുന്നതിനു രാജ്യങ്ങൾ വെമ്പൽ കൊണ്ടിരിക്കുന്ന ഈ സമയത്തു് ബ്രിട്ടീഷ് ആൻഡു വിദേശവേദപുസ്തക സംഘം കംബോഡിയൻ ഭാഷയിലുള്ള പ്രഥമ വേദപുസ്തകം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 50 കംബോഡിയൻ പള്ളികളിൽ വിതരണം ചെയ്യുന്നതിനായി 50 കോപ്പി വിമാനത്തിൽ അയച്ചുകഴിഞ്ഞു.

വിയററു് നാമീസ് ഭാഷയിലുള്ള പരിഷ്ക്കരിച്ച പുതിയനിയമപുസ്തകം താമസിയാതെ തന്നെ അച്ചടിച്ചു വിതരണം ചെയ്യപ്പെടുന്നതാണ്.

### വൈദിക വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചു.

സോവിയററ് സോണിലുള്ള വൈദിക വിദ്യാർത്ഥികളുടെ എണ്ണം 1948ൽ ഉള്ളതിൻെറ ഇരട്ടിയിലധികമായി വർദ്ധിച്ചു എന്നു ജർമ്മനിയിലെ ഇവാൻജലിക്കൽ സഭയുടെ ഒരു സ്ഥിതിവിവരക്കണക്കിൽ കാണുന്നു. കിഴക്കേ ജർമ്മൻ സർവ്വകലാശാലകളിൽ 931 വൈദിക വിദ്യാർത്ഥികൾ ഇപ്പോൾ പഠനം നടത്തുന്നുണ്ടെങ്കിലും അത്രയുംകൊണ്ടും പട്ടക്കാരുടെ കുറവ് ഗണ്യമായി പരിഹരിക്കുക സാദ്ധ്യമല്ലത്രെ.

സോവ്യററു വിദ്യാലയങ്ങളിൽ നിലവിലിരിക്കുന്ന മതവിരുദ്ധ മനോഭാവത്തിൽ ജർമ്മനിയിലെ ഇവാഞ്ജലിക്കൽ സഭാ നേതാക്കന്മാർ ഉൽക്കണ്ഠ പ്രകടിപ്പിച്ചിരിക്കുന്നു.

### ആതൻസ്

1954 ഏപ്രിൽ 30-ാംതീ- ഉണ്ടായ ഭൂകമ്പം മൂലം 18 പള്ളികൾ നിശ്ശേഷം നശിക്കുകയും 69 പള്ളികൾക്കു കേടുപാടുകൾ സംഭവിക്കുകയും ചെയ്തിരിക്കുന്നു.

### യൂഗോസ്ലെവിയ

പണി പൂർത്തിയാകാത്ത സെൻറ് സാവാ പള്ളിയുടെ ഹാൾ ബൽഗ്രേഡ് മുനിസിപ്പൽ അധികൃതർ ഗാരേജായി ഉപയോഗിക്കുന്നതിൽ സെർബിയൻ ഓർത്തഡോക്സ് സഭ ഗവർമ്മെൻറിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തിയിരിക്കുന്നു. 1939 ൽ ആരംഭിച്ച ഈ പള്ളിയുടെ പണി യുദ്ധാരംഭത്തോടുകൂടി നിന്നുപോയി. പള്ളിയുടെ സ്ഥലം വിശുദ്ധീകരിച്ചിട്ടുള്ളതാകയാൽ അവിടെ ഇട്ടിട്ടുള്ള സാധനങ്ങൾ മാററണമെന്നു സഭാ നേതാക്കന്മാർ ആവശ്യപ്പെട്ടിരിക്കുന്നു.

## വാരപഞ്ചാംഗം

| | | |
|---|---|---|
| ഞായർ | 18 | 2 |
| തിങ്കൾ | 19 | 3 |
| ചൊവ്വാ | 20 | 4 |
| ബുധൻ | 21 | 5 |
| വ്യാഴം | 22 | 6 |
| വെള്ളി | 23 | 7 |
| ശനി | 24 | 8 |

### Thought for the Week

**When we pray "come, Holy Ghost, our souls inspire" we had better know what we are about. He will not carry us to easy triumphs and gratifying successes; more probably He will set us to some task for God in the full intention we shall fail, so that others, learning wisdom by our failure, may carry the good cause forward.**

Archbishop Temple.

THE CHURCH WEEKLY

## "എന്റെ രാജ്യം വരണമേ"

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! എന്റെ നാമം മഹത്വപ്പെടണമേ! എന്റെ രാജ്യം വരണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ ആയിരിക്കുന്നതുപോലെ എന്റെ ഇഷ്ടം ഭൂമിയിൽ ആയിരിക്കണമെ" എന്നിങ്ങനെ കർത്താവിന്റെ പ്രാർത്ഥനയുടെ ആദ്യത്തെ മൂന്നു് വാചകങ്ങൾ ഒന്നു മാററി എഴുതിയാൽ നാം ചൊല്ലുന്ന പ്രാർത്ഥന കുറെക്കൂടെ യഥാർത്ഥമായി നമ്മുടെ പ്രാർത്ഥനകളുടെ പിമ്പിലുള്ള മനോഭാവത്തെ വെളിപ്പെടുത്തുമായിരുന്നു. പരമാർത്ഥത്തിൽ പ്രാർത്ഥനയിൽ നാം ചെയ്യുന്ന അഭ്യർത്ഥനകളുടെ പിന്നിലുള്ള നമ്മുടെ അഭീഷ്ടങ്ങൾ എന്താണെന്നു് നാം ഒന്നു പരിശോധിക്കേണ്ടതുതന്നെയാണു്. മററാരും അറിയുകയും കേൾക്കുകയും ചെയ്യാൻ ഇടയില്ലാത്തതുകൊണ്ടു് സ്വയംപരിശോധനയിൽ സത്യം അവലംബിക്കുന്നതുകൊണ്ടു് അബദ്ധമൊന്നും വരാനില്ല. നാം കുരുങ്ങിക്കിടക്കുന്ന കേസുകളിൽ അതു് ഒരു തെളിവായി നമ്മുടെ നേരെ ആരും പ്രയോഗിക്കുമെന്നു് ഭയപ്പെടേണ്ടതില്ല. പരമാർത്ഥം പറഞ്ഞുപോയാൽ അതു ചിലപ്പോൾ ഒരു നഷ്ടമായും അപകടമായും നാം കരുതിയെന്നു വരാം. പരമാർത്ഥം ചിന്തിച്ചു പോയതുകൊണ്ടു് അങ്ങിനെയുള്ള അനർത്ഥങ്ങൾ ഭവിക്കുമെന്നു ഭയപ്പെടാനില്ലല്ലോ. അങ്ങനെ തുറന്നു ചിന്തിച്ചുനോക്കുന്നപക്ഷം വളരെ തീക്ഷ്ണതയോടുകൂടി നാം ചെയ്യുന്ന അപേക്ഷകളുടെ പിന്നിൽ ദൈവതിരുനാമം മഹത്വപ്പെടാനും, ദൈവത്തിന്റെ രാജ്യം സംസ്ഥാപിതമാകുവാനും, ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ അഭംഗമായി നടക്കുന്നതുപോലെ മനുഷ്യഹൃദയ സാമ്രാജ്യത്തിലും ഭൂമിയിലും നടക്കണമെന്നും അത്യാകാംക്ഷയോടുകൂടി ദൈവതിരുമുമ്പാകെ അഭ്യർത്ഥനകൾ സമർപ്പിക്കുന്നവർ എത്ര പേരുണ്ടെന്നു സ്വയംകാണാം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ മക്കൾ എന്നുള്ള സ്വാതന്ത്ര്യത്തോടുകൂടി അപേക്ഷകൾ സമർപ്പിക്കുന്നവർക്കു് അവശ്യമുണ്ടായിരിക്കേണ്ട ഒരു മനഃപരിവർത്തനത്തിന്റെ നാന്ദിയാണു് യേശുക്രിസ്തു ആ അമൂല്യ പ്രാർത്ഥനയുടെ ആദ്യ വാചകങ്ങളായി ചേർത്തിരിക്കുന്നതു്. ആ മനഃപരിവർത്തനത്തിനോ ദർശന നിലപാടിനോ, വഴങ്ങിക്കൊടുക്കുവാൻ തയാറില്ലാത്തവരുടെ പ്രാർത്ഥനകൾ സഫലങ്ങൾ അല്ലാതായിത്തീരുന്നെങ്കിൽ നാം അത്ഭുതപ്പെടേണ്ടതില്ല.

ഇപ്പോൾ മലങ്കര സുറിയാനി സഭയിലെ കേസുകൾ അവസാനിപ്പിക്കുന്നതിനു് ഒരു സന്ധിശ്രമം നടക്കുന്നുണ്ടു്. പ്രസ്തുതശ്രമംഅത്ര എളുപ്പത്തിൽ സഫലമാകുന്ന ഒരു സംഗതിയാണെന്നു് അമിതമായ ശുഭാപ്തിവിശ്വാസമുള്ളവർപോലും കരുതുകയില്ല. എന്നാൽ ആ സന്ധിശ്രമങ്ങളുടെയും സംഭാഷണങ്ങളുടെയും വിജയത്തിൽ ആകാംക്ഷയുള്ള സമുദായത്തിലെ നൂറുശതമാനം ആളുകളും എങ്ങനെയാണു് ആ മഹാപ്രശ്നത്തെ സമീപിക്കുന്നതെന്നു സ്വയം പരിശോധിക്കുന്നുണ്ടോ? സമാധാനം കൈവരുത്തുന്നതിനു് നാം പ്രാർത്ഥിക്കുന്നുണ്ടു്.കുർബാന ചൊല്ലുന്നുണ്ടു്. എന്നാൽ ഈ പ്രാർത്ഥനയുടെയും ബലിയർപ്പണത്തിന്റെയും പിന്നിൽ നമ്മുടെ മനോഭാവമെന്താണെന്നു് ചിന്തിച്ചാൽ "സ്വർഗ്ഗസ്ഥനായ പിതാവേ എന്റെ നാമം മഹത്വപ്പെടേണമേ! എന്റെ രാജ്യം വരേണമേ: നിന്റെ ഇഷ്ടം സ്വർഗ്ഗത്തിൽ നടക്കുന്നതുപോലെ എന്റെ ഇഷ്ടം ഭൂമിയിൽ നടക്കേണമേ." എന്നല്ലേ? "ഞാൻ പിടിച്ചതെല്ലാം ശരിയാണെ. എതിർ കക്ഷിയിലുള്ളവരെല്ലാം അധമന്മാരും, കൊള്ളരുതാത്തവരും, ദുർവാശിക്കാരും, സത്യബോധമില്ലാത്തവരുമാണു്. നാല്പത്തഞ്ചു കൊല്ലംസത്യവിശ്വാസത്തിനുവേണ്ടി യുദ്ധംചെയ്ത ഞങ്ങളുടെ തത്വങ്ങൾ ഒന്നും വിടാതെന്നു സന്ധി വരുന്നെങ്കിൽ വന്നാൽ മതിയെ! സന്ധിസംഭാഷണങ്ങൾ വിജയിക്കാത്ത പക്ഷം അതു എതിർകക്ഷിയുടെ മർക്കടമുഷ്ടികൊണ്ടാണെന്നു വരുത്തണേ തമ്പുരാനേ! അല്ലെങ്കിൽ സത്യവിശ്വാസത്തിനുവേണ്ടി സമരം ചെയ്യുവാനുള്ള പണം പിരിക്കാൻ പ്രയാസമായി വരുമല്ലോ?" ഈ വിധത്തിൽ പോകുന്നു നമ്മുടെ അഭിലാഷങ്ങളുടെ അന്തസ്സാരം. എല്ലാ പള്ളികളിലും തന്നെ പ്രാർത്ഥനയും കുർബാനയും നടക്കുന്നുണ്ടു്. പുറത്തിറങ്ങിയാലുടനെ കേൾക്കുന്നതു് "സന്ധിയാലോചന പൊട്ടി. അതു എങ്ങനെ നടക്കാനാണു് എതിർകക്ഷിയിലെ അംഗമായിരിക്കുന്ന ഒരു കമ്മിററി എവിടെ സമാധാനം വരുത്തും. ഞാൻ ആദ്യമേ വിചാരിച്ചതാണു്, ഇതിങ്ങനെ വന്നു കലാശിക്കയുള്ളുവെന്നു്" എന്നുള്ള കുശുകുശുപ്പു പ്രചരണമാണു്. സന്ധി തനിയെ വന്നു കയറുകയില്ല. അതിനു് ചില ആദ്ധ്യാത്മികപരിവർത്തനങ്ങൾ നമുക്കുണ്ടായേ തീരൂ. അല്ലാതെ സന്ധി വന്നതു കൊണ്ടും സമുദായത്തിനും, രാജ്യത്തിനും, ഒരു നന്മയും വന്നു ചേരുമെന്നു് പ്രതീക്ഷിക്കേണ്ടതില്ല. സന്ധിയാലോചനകളിൽ പെട്ടിരിക്കുന്നവർ അവരുടെ പരമമായ കർത്തവ്യം ഉത്തരവാദിത്വത്തോടും, ദീർഘ ക്ഷമയോടും പ്രതിപക്ഷ ബഹുമാനത്തോടും കൂടെ വഹിക്കുവാനുംദൈവതിരുനാമമഹത്വവും, തന്റെ രാജ്യസംസ്ഥാപനവും, തന്റെ തിരുവിഷ്ട നിർവഹണവുംമാത്രം സാധിക്കുന്ന ഒരു സന്ധിയിലേക്കും സമാധാനത്തിലേക്കും ഈ സഭയെ നയിക്കണമെന്നു് ചിന്തിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നവരുടെ സംഖ്യ വർദ്ധിക്കണം. കരയ്ക്കുനിന്നു് വള്ളംമുക്കുന്ന മാതിരി സന്ധിയാലോചനക്കാരുടെ ചുററും എത്തിക്കൂടി അവരുടെ കർത്തവ്യനിർവഹണം വിഷമതരമാക്കുന്ന വിധത്തിൽ ശല്യപ്പെടുത്താതിരിക്കാനും താദൃശമായ പ്രാർത്ഥന നമ്മെ സഹായിക്കാതിരിക്കയില്ല. ഈശ്വരദത്തമായ ഒരു സുവർണ്ണാവസരമാണു് നമുക്കു ലഭിച്ചിരിക്കുന്നതു്. എന്റെ നാമം മഹത്വപ്പെടുത്തുന്നതിനെക്കാൾ എത്രയോ മാഹാത്മ്യമേറിയതാണു് ദൈവനാമം മഹത്വപ്പെട്ടതായി നിരീശ്വരന്മാർ കാണുന്നതു്.? എന്റെ രാജ്യം വരുന്നതിനേക്കാൾ എത്രയോ കോടി ഇരട്ടി ഗുണപ്രദമാണു് ധാർമ്മിക സുന്ദരവും സ്നേഹാധിഷ്ഠിതവുമായ ദൈവരാജ്യം എന്റെ ഇഷ്ടം നടക്കുന്നതിനേക്കാൾ എത്രയോ അധികം എനിക്കു തന്നെയും മററുള്ളവർക്കും ഗുണപ്രദമാണു് സർവ

പ്രതിവാരപ്രഭാഷണം (The Sermon for the Week)

# അഹംഭാവത്തെ ബലികഴിക്കുക

(എം. ററി.)

“എന്നാൽ അവന്റെ ഭൃത്യന്മാർ അടുത്തുവന്നു അവനോട്: പിതാവേ, പ്രവാചകൻ വലിയൊരു കാര്യം നിന്നോട് കല്പിച്ചിരുന്നുവെങ്കിൽ നീ ചെയ്യാതെ ഇരിക്കുമോ? പിന്നെ അവൻ കുളിച്ചു ശുദ്ധനാക എന്നു നിന്നോട് കല്പിച്ചാൽ എത്ര അധികം എന്നു പറഞ്ഞു. അപ്പോൾ അവൻ ചെന്നു ദൈവപുരുഷന്റെ വചനപ്രകാരം യോർദ്ദാനിൽ ഏഴു പ്രാവശ്യം മുങ്ങി....അവൻ ശുദ്ധനായിത്തീർന്നു.”

(2 രാജാക്കന്മാർ 5: 13—14.)

വലിയ പരാക്രമശാലിയും സേനാധിപനുമായിരുന്ന നയമാൻ ഒരു കുഷ്ഠരോഗിയായിരുന്നു. രാഷ്ട്രീയരംഗത്ത് ഇത്രവലിയ ഉന്നതസ്ഥാനം വഹിച്ചിരുന്ന ഒരു മഹാൻ കുഷ്ഠരോഗം പോലെയുള്ള ഒരു വ്യാധിക്കു വിധേയനായിരുന്നു എന്നുള്ള വസ്തുത ആശ്ചര്യകരമാണ്. അതു മറച്ചുവയ്ക്കുവാൻ അദ്ദേഹം കഴിയുന്നത്ര ശ്രമിച്ചിരിക്കാം. എന്നാൽ അധികനാളത്തേക്ക് അങ്ങനെ ചെയ്യുവാൻ സാധ്യമല്ലല്ലോ. ആ രോഗത്തോടു പോരാടിക്കൊണ്ടുതന്നെ തന്റെ ഭാരമേറിയ ചുമതലകൾ നിർവ്വഹിക്കുവാൻ അദ്ദേഹത്തിന് അസാധാരണമായ ധൈര്യവും മനക്കരുത്തും ആവശ്യമായിരുന്നു എന്നുള്ളതിനു സംശയമില്ല. മറ്റുള്ളവർ കാണാത്ത പല ഭാരങ്ങളും പ്രയാസങ്ങളും പ്രതിബന്ധങ്ങളും പലരുടെയും രഹസ്യജീവിതത്തിലുണ്ടായിരിക്കണം. സുസ്മേരവദനരായും പ്രസരിപ്പുള്ളവരായും പുറമേ കാണപ്പെടുന്ന ചില മഹാന്മാർ അണിയറയ്ക്കുള്ളിൽ അഭിമുഖീകരിക്കുന്ന അനേകം വിഷമപ്രശ്നങ്ങളുണ്ടാവാം. ഇങ്ങനെയുള്ള ഒന്നായിരുന്നു നയമാന്റെ കുഷ്ഠരോഗം. വളരെനാൾ അദ്ദേഹം ക്ഷമയോടുകൂടി അതിനെ വഹിച്ചു. അവസാനം രോഗശാന്തിക്കുള്ള ഒരു മാർഗ്ഗം അദ്ദേഹത്തിനു വെളിപ്പെട്ടു. അദ്ദേഹം എലീശാ പ്രവാചകനെ സമീപിച്ചു. പ്രവാചകൻ നൽകിയ നിർദ്ദേശം “നീ ചെന്നു യോർദ്ദാനിൽ ഏഴുപ്രാവശ്യം കുളിക്ക; അപ്പോൾ നിന്റെ ദേഹം മുമ്പിലത്തേപ്പോലെയായി നീ ശുദ്ധനാകും” എന്നായിരുന്നു. വലിയ പ്രതീക്ഷകളോടെ പ്രവാചകനെ സമീപിച്ച നയമാനെ ഈ നിർദ്ദേശം നിരാശപ്പെടുത്തുക മാത്രമല്ല ക്രുദ്ധിപ്പിക്കുകൂടി ചെയ്തു. അതിനുള്ള കാരണം എന്തായിരുന്നു എന്നു നാം ആരായേണ്ടതാണ്. യോർദ്ദാൻ നദിയിൽ പോയി ഏഴുപ്രാവശ്യം കുളിക്കുക എന്നുള്ള നിർദ്ദേശം നയമാന് വളരെ നിസ്സാരമായി തോന്നി. സാധാരണക്കാർ ചെയ്യുന്ന ഒരു കാര്യമായിരുന്നു അത്. ആ പ്രവൃത്തി തന്റെ സ്ഥാനത്തിനും മാനത്തിനും യോജിച്ചതായി അദ്ദേഹം വിചാരിച്ചില്ല. തന്റെ ഉയർന്ന നിലയ്ക്ക് അനുയോജ്യമായ എന്തെങ്കിലും ഒരു മഹൽകാര്യം ചെയ്യുവാൻ പ്രവാചകൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ നയമാൻ കോപിക്കയില്ലായിരുന്നു. ലോകം അഭിനന്ദിക്കത്തക്ക എന്തെങ്കിലും ഒരു വലിയ ത്യാഗം ചെയ്യുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ അദ്ദേഹം അതിനു തയാറായിരുന്നു. എന്നാൽ സാധാരണക്കാരനോടൊപ്പം യോർദ്ദാൻ നദിയിലിറങ്ങി മുങ്ങുവാൻമാത്രം താൻ അത്ര അധഃപതിച്ചിട്ടില്ലെന്നായിരുന്നു നയമാന്റെ ഭാവം. ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർക്കു സഹജമായ അഹംഭാവമല്ലാതെ മറ്റെന്താണ് നാമിവിടെ കാണുന്നത്? നമുക്കെല്ലാവർക്കും ഉള്ള ഒരു മഹാവ്യാധിയാണ് ഇത്. കുഷ്ഠരോഗമല്ല, കുഷ്ഠരോഗത്തേക്കാൾ ഹാനികരമായ ഒരു രോഗം—അഹംഭാവം. നമ്മുടെ ഉയർന്ന നിലയെ പരിപാലിക്കുവാൻ, മറ്റുള്ളവർ അതു വകവെച്ചുതരുവാൻ, നിർബന്ധമുള്ളവരാണ് നാമെല്ലാവരും. അതിന് അല്പം കോട്ടം തട്ടിയാൽ നാം ക്ഷോഭിക്കും. എത്ര അർത്ഥശൂന്യമായിട്ടാണ് ഇങ്ങനെയുള്ള ഘട്ടങ്ങളിൽ നാം പെരുമാറുന്നത്. നമ്മുടെ അന്തസ്സാരവിഹീനത നഗ്നമായി കാണുന്നത് ഇങ്ങനെയുള്ള അവസരങ്ങളിലാണ്. നയമാന്റെ ഭൃത്യന്മാരാണ് അദ്ദേഹത്തിനു സുബോധമുണ്ടാക്കിയത്. “പ്രവാചകൻ വലിയോരു കാര്യം നിന്നോടു കല്പിച്ചിരുന്നുവെങ്കിൽ നീ ചെയ്യാതെ ഇരിക്കുമോ?” എന്ന് അവർ ചോദിച്ചു. നയമാൻ ഏതായാലും എലീശാ പ്രവാചകന്റെ നിർദ്ദേശമനുസരിച്ചു യോർദ്ദാനിൽ പോയി ഏഴു പ്രാവശ്യം കുളിക്കുകയും പൂർണ്ണ സുഖം പ്രാപിക്കുകയും ചെയ്തു. അഹംഭാവം അകററി വിനീതനായിത്തീർന്നപ്പോൾ നയമാന്റെ ജീവിതത്തിൽ അത്ഭുതം സംഭവിച്ചു.

ഇത് എല്ലാവരുടെയും അനുഭവത്തിൽ വാസ്തവമായിക്കാണുന്ന ഒരു കാര്യമാണ്. അഹംഭാവംപോലെ നമ്മെ അധഃപതിപ്പിക്കയും ജീവിതലക്ഷ്യപ്രാപ്തിയിൽ നിന്ന് നമ്മെ അകററിനിർത്തുകയും ചെയ്യുന്ന മറെറാരു ദുർഗ്ഗുണമില്ല. അതു മറ്റുള്ളവരുമായുള്ള സൗഹാർദ്ദബന്ധത്തെ അസാദ്ധ്യമാക്കിത്തീർക്കുന്നു; ക്ഷമിക്കുന്നതിനും ക്ഷമ ചോദിക്കുന്നതിനും അതു നമ്മെ അശക്തരാക്കുന്നു. അതു വൈരാഗ്യവും വിദ്വേഷവും വളർത്തുന്നു. അതു മനുഷ്യരിൽനിന്നു നമ്മെ അകറ്റുന്നതിലധികമായി ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ ബാധിക്കുന്നു. ദൈവത്തിന്റെ കൃപയെ ഒരു സൗജന്യദാനമായി സ്വീകരിക്കുവാൻ നമ്മുടെ അഹംഭാവം ചിലപ്പോൾ നമ്മെ അനുവദിക്കുന്നില്ല. നമ്മുടെ പ്രയത്നത്തിന്റെയോ പുണ്യപരിശീലനത്തിന്റെയോ പ്രതിഫലമായി അതിനെ നേടുവനാണ് നമ്മുടെ ശ്രമം. ദൈവകൃപയ്ക്ക് ഏതെങ്കിലും വിധത്തിൽ അർഹരായിത്തീരുവാനുള്ള നമ്മുടെ ശ്രമം അസാദ്ധ്യമാണ്. എങ്കിലും നമ്മുടെ അഹംഭാവം അതിനു നമ്മെ പ്രേരിപ്പിക്കാറുണ്ട്. നമ്മുടെ കർത്താവ് ഇങ്ങനെയുള്ള അഹംഭാവത്തിന്റെ ഒരു ചരിത്രമായിട്ടാണ് ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പരീശനെ നമുക്കു വരച്ചു കാണിച്ചുതന്നത്. “ഞാൻ മററു മനുഷ്യരെ പോലെ അല്ലാത്തതിനാൽ നിന്നെ സ്തുതിക്കുന്നു.” മറ്റുള്ളവരേക്കാൾ ഏതെങ്കിലും കാര്യങ്ങളിൽ—ധനസ്ഥിതിയിലോ, ആഭിജാത്യത്തിലോ, ഉന്നതവിദ്യാഭ്യാസത്തിലോ, അധികാരത്തിലോ—മേന്മയുണ്ടെന്നുള്ളതാണ് നമ്മുടെ അഹംഭാവത്തിനു നിദാനമായി നില്ക്കുന്നത്. വെസ്ലിയുടെ കാലത്ത് ഇംഗ്ലണ്ടിൽ വലിയ ആത്മീയ ഉണർവ്വുണ്ടായപ്പോൾ ബക്കിങ്ങാം പ്രഭ്വി തന്റെ ഒരു സ്നേഹിതന്റെ പേർക്കയച്ച എഴുത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു:

---

ർജ്ഞനും, സർവ്വശക്തനും, സ്നേഹസ്വരൂപിയുമായ ദൈവത്തിന്റെ തിരുവിഷ്ടം നടക്കുന്നത്. എന്നിങ്ങനെയുള്ള ചിന്തകളുടെ സ്വാധീനത്തിനു നാം വിധേയമായിക്കഴിഞ്ഞാൽ വിനയപൂർവ്വവും വിശ്വാസപൂർവ്വവും ഈ സന്ധിസംസ്ഥാപനത്തിൽ വേണ്ട സഹകരണം നൽകാൻ നമുക്ക് സാധിക്കും.

# വിശുദ്ധദീപം

## കർമ്മകാണ്ഡം

(പുത്തൻകാവു് മാത്തൻതരകൻ)

### മുടിയനായ പുത്രൻ

(തുടർച്ച)

താതന്റെ പാദമല്ലാതെ തനൂജർക്കു
മറെറാരാലംബനമേതു പാരിൽ.
കൈമുതലെല്ലാം കളഞ്ഞുകുളിച്ചേററം
കഷ്ടതപൂണ്ട യുവാവു മെല്ലെ
നിന്നുമിരുന്നും നടന്നുമിഴഞ്ഞുമാ
നീണ്ട പെരുവഴി താണ്ടിത്താണ്ടി
കല്ലിലും മുള്ളിലും ചേററിലും കാൽവച്ചു
വല്ലാത്തസന്താപമുള്ളിൽത്തിങ്ങി
താതന്റെ മന്ദിരം തേടിനടക്കവേ
സ്വാന്തത്തിലീവിധം ചിന്തിക്കയായ്.
"പൊന്നിലും മണ്ണിലുമാശപെരുത്തു ഞാൻ
മാനസം വാടിക്കഴിച്ചു കാലം
കാമം മുഴുത്തൊരു മാനിനെപ്പോലെ ഞാൻ
കണ്ടേടം നോക്കി മദിച്ചു മണ്ടി
ഭോഗത്തിൽ വീണു ഞാൻ, ചിന്ത വെടിഞ്ഞു ഞാൻ
ഭോഗികളോടൊത്തു ചേർന്നു വാണു.
ദേഹസുഖം സുഖമെന്നു ഞാൻ ഘോഷിച്ചു
മോഹത്തിൽ ചെന്നു കുതിച്ചുചാടി
മദ്യക്കടയിലും വേശ്യത്തെരുവിലും
മേളങ്ങൾകൂട്ടി ഞാൻ നാളുപോക്കി.
കേവലമസ്ഥിക്കൂടെന്നപോലെങ്ങനെ
പോവും ഞാൻ താതന്റെ സന്നിധിയിൽ."
നാലഞ്ചു നാൾകൾ നടന്നു യുവാവവൻ
ചേലഞ്ചും തൻനാട്ടിൽ ചെന്നുചേർന്നു.
ഗോപുരവാതിൽക്കൽ കണ്ടു കുമാരനെ
കോപമൊഴിഞ്ഞ ജനകൻ മുദാ.
"ഓമൽക്കുമാരക, പോരിക, പോരിക,
മാമകാങ്കസ്ഥലി ശൂന്യമാക്കൂ.
ലോകത്തിൽ മേലിൽ നിന്നാനനം കാണുവാൻ
സാധ്യമല്ലെന്നു നിനച്ചവൻ ഞാൻ
കണ്മണി വന്നൊരു ചുംബനം നൽകുക
മന്നിൽ ഞാൻ താതനായ്ത്തീർന്നിടട്ടെ."
ഏവം പറഞ്ഞു ജനകനാപ്പുത്രനെ
വീട്ടിൽക്കയററിയലങ്കരിച്ചു.
ശുമണം വീശുന്നൊരെണ്ണ പുരട്ടിച്ചു
നൽപ്പനിനീരിൽ കുളിപ്പിക്കയായ്
പട്ടുവസ്ത്രങ്ങൾ ധരിപ്പിച്ചു വേണ്ടുന്ന
സൽക്കാരത്തിന്നവൻ വട്ടംകൂട്ടി.
നാട്ടാരെയെല്ലാം വിളിച്ചു വിപുലമാം
സദ്യ നടത്തിക്കൗതുകമാർന്നാൻ.
താതന്റെ സീമന്തപുത്രൻ വയൽ വിട്ടു
സാദരം വീട്ടിലേക്കെത്തിടുമ്പോൾ
കേട്ടു മഹാസദ്യ കൊണ്ടാട്ടം ഘോഷങ്ങൾ
പെട്ടെന്നു തൽപ്പുത്രൻ വീട്ടിലെത്തി,
സേവകന്മാരിലൊരുത്തനോ'ടെന്തിന്നീ–
ഘോഷങ്ങളെ'ന്നവൻ ചോദ്യമിട്ടു.
'താവക സോദരൻ വീട്ടിൽ വന്നെത്തിപ്പോയ്
താതന്റെ സന്തോഷം സീമ വിട്ടു.
ആനന്ദം കൊണ്ടവൻ ഗംഭീരമായൊരു
സദ്യ നടത്തിപ്പുളച്ചീടുന്നു.'
ഇത്രയും ഭൃത്യനിൽ നിന്നു ശ്രവിച്ചവൻ
താതന്റെ പ്രാന്തത്തിലോടിയെത്തി,
'ഞാനെത്രകാലമായ് താതനെസ്സേവിച്ചു
മാനസമങ്ങേക്കു ലിഞ്ഞിട്ടുണ്ടോ?
കൂട്ടുകാരോടൊത്തു സന്തോഷിപ്പാനൊരു
സൗകര്യമങ്ങെനിക്കേകിയില്ല.
തൻമുതൽ കൊണ്ടുപോയ് വേശ്യമാരൊന്നിച്ചു
തിന്നു നശിപ്പിച്ച ദുഷ്ടസൂനു
വന്നപ്പോളങ്ങെത്ര കേമമായിട്ടു
സദ്യനടത്തി സന്തോഷിക്കുന്നു."
സീമന്തപുത്രന്റെ വാക്കുകേട്ടാത്താതൻ
ശാന്തനായിങ്ങനെ ചൊൽകയായി.
'നീയെന്നോടൊന്നിച്ചു വാണവൻ സർവവും
നിന്റേതാണെന്നു നീ എണ്ണിടേണം.
നിന്റെ സഹോദരൻ ദുർമ്മരണത്തിന്റെ
വക്ത്രത്തിൽപ്പെട്ടവനായിരുന്നു.
വീണ്ടുമവനിതാ ജീവിച്ചു–കാണാതെ
പോയോനെ നാമിന്നു കണ്ടുമുട്ടി.
സന്തോഷിക്കേണം നാമായതുകൊണ്ടു നീ
സന്തപിച്ചീടേണ്ടാ തെല്ലുപോലും."

---

ഭൂമിയിൽ ഗതിയില്ലാതെ അലഞ്ഞു തിരിയുന്ന അധമന്മാരോടൊപ്പം പാപികളാണു് നാമെല്ലാവരും എന്നു പറയപ്പെടുന്നതു എത്ര ഭയങ്കരമാണു്! അതു സഹിക്കാവുന്നതല്ല. ദൈവസന്നിധിയിലും ഇങ്ങനെയുള്ള മനോഭാവമാണു് അറിഞ്ഞും അറിയാതെയും നമുക്കു ചിലപ്പോൾ ഉണ്ടാകുന്നതു്. നമുക്കു് ഏതോ ചില മേന്മകൾ ദൈവം പോലും വകവെച്ചു തരണമെന്നാണു് നമ്മുടെ ആഗ്രഹം. എന്നാൽ തകർന്നു നുറുങ്ങിയ ഒരു ഹൃദയമല്ലാതെ മറെറാന്നും ദൈവത്തിനു സ്വീകാര്യമായിട്ടില്ലെന്നു നാം മനസ്സിലാക്കണം. ദൈവത്തിന്റെ മഹാപരിശുദ്ധതയുടെ മുമ്പിൽ നമുക്കു് അഭിമാനംകൊള്ളുവാൻ ഒന്നുമില്ല. വിനയപ്പെടുക മാത്രമാണു് നമ്മുടെ കർത്തവ്യം.

ജീവിതത്തിൽ പല നല്ലകാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നതും നമ്മുടെ അഹംഭാവമാണു്. നാമെല്ലാവരും വലിയ കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ചെറിയ ശുശ്രൂഷകൾക്കുള്ള അവസരങ്ങളെ നാം ഉപേക്ഷിക്കുകയും ചെയ്യുന്നു. കാര്യങ്ങളുടെ വലിപ്പച്ചെറുപ്പമല്ല നമ്മുടെ സേവനത്തിന്റെ മാഹാത്മ്യത്തെ നിർണ്ണയിക്കുന്നതു്; നാം ഏതു് ആത്മാവിൽ പ്രവർത്തിക്കുന്നു എന്നുള്ളതാണു്. അഹംഭാവം വെടിഞ്ഞാൽ ചെറിയ കാര്യങ്ങളിൽക്കൂടി വലിയസേവനം ചെയ്യുവാൻ നമുക്കു കഴിയും. ഇങ്ങനെയുള്ള സേവനത്തിനുള്ള സൌകര്യം നമ്മുടെ നിത്യജീവിതത്തിൽ ധാരാളമായിട്ടുണ്ടു്. നമ്മുടെ കർത്താവിനോടുകൂടെ അതു തക്കത്തിലുപയോഗിക്കുവാൻ നമുക്കിടവരട്ടെ.

# വേ ദ വാ യ ന ക്കു റി പ്പു ക ൾ

തിങ്കൾ. യോഹ. 4. 25—30.

അതിഭാഷിണിയും സമർത്ഥയും തർക്കക്കാരിയുമായ ഒരു സ്ത്രീയെ ആണു ഇതുവരെ നാം കണ്ടതു്. എങ്കിലും കർത്താവു് അവളുടെ കഴിവുകളെ ഒരു പുതിയ മാർഗ്ഗത്തിലേക്കു നയിച്ചു് അവളെ ഒരു നൂതന സൃഷ്ടിയാക്കിത്തീർത്തു. കർത്താവുമായുള്ള സമ്പർക്കംമൂലം അവൾ വിശ്വാസമുള്ളവളായി അവളുടെ ബലഹീനതകൾ പോയി പുതുശക്തി പ്രാപിച്ചവളായി രൂപാന്തരപ്പെട്ടു. ദൈവത്തിനു് നമ്മുടെ ബലഹീനതകൾപോലും പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നുള്ളതു് തന്റെ മഹത്വത്തിന്റെ ഭാഗം മാത്രമാണു്. ദൈവത്തിനു് നമ്മെ പ്രയോജനപ്പെടുത്തുവാൻ നാം പരിശുദ്ധന്മാരാകുവോളം കാത്തിരിക്കേണ്ട ആവശ്യമില്ലെന്നുള്ളതു് എത്ര മഹത്തരമായ ഒരു കാര്യമാകുന്നു. എടുത്തുചാട്ടക്കാരനായ പത്രോസ് ശ്ലീഹാ കർതൃകരങ്ങളിൽ സമർപ്പിതമായപ്പോൾ എപ്രകാരം പ്രയോജനമുള്ള ശിഷ്യനായി തീർന്നു എന്നു് സ്മരിക്കുക. വൈരാഗ്യക്കാരനായ ശൗൽ പരമഭക്തനായ പൗലൂസ് ആയി രൂപാന്തരപ്പെട്ടു. ദൈവം നമ്മെവിളിക്കുമ്പോൾ നമ്മുടെ കുറവുകൾ കണ്ടുകൊണ്ടുതന്നെയാണു നമ്മെ വിളിക്കുന്നതു്. നമ്മുടെ കുറവുകൾ പരിഹരിക്കുവാൻ നാം പ്രാപ്തരല്ല. തൃക്കരങ്ങളിൽ സമർപ്പിക്കുകമാത്രമാണു് അതിനു് ആവശ്യമായിരിക്കുന്നതു്. അപ്പോൾ നമ്മുടെ കുറവുകളെ വിജയിക്കുന്നതിനുള്ള ശക്തി താൻ നമുക്കുതരുന്നതും തന്റെ സേവനത്തിനു് നമ്മെ വിനിയോഗിക്കുന്നതുമായിരിക്കും.

ചൊവ്വാ. യോഹ. 5. 2—9

സാധാരണ ലോകത്തിന്റെ ഒരു പൂർണ്ണ ചിത്രം ഈ സംഭവ വിവരണത്തിൽ നാം കാണുന്നു എന്നുള്ളതിനു സംശയമില്ല. ആൾ ബഹുലമായ തെരുവുകളും വ്യാപാരബദ്ധരായ കച്ചവടക്കാരും ദേവാലയ കാര്യങ്ങളിൽ മുഴുകിയ പുരോഹിതരും അങ്ങനെ സർവ്വപ്രധാനമെന്നു ഓരോരുത്തരും പരിഗണിക്കുന്ന കാര്യങ്ങളിൽ ദത്തശ്രദ്ധരായ ആളുകളുടെ തിക്കുംതിരക്കും അവിടെ കാണാം. ജീവിതത്തിനു് യാതൊരു ലക്ഷ്യവും കാണാത്ത ഒരു ജനവിഭാഗവുമവിടെയുണ്ടു്. അവരുടെ മൂഢാചാരങ്ങളെ വിമർശിക്കുന്നതിനോ അവരുടെ ശോച്യാവസ്ഥയെപററി വിലപിക്കുന്നതിനോ കർത്താവു മുതിർന്നില്ല. എന്നാൽ സൗഖ്യം പ്രാപിക്കുന്നതിനുള്ള ഒരു മനുഷ്യന്റെ ശക്തിയെ താൻ തട്ടിയുണർത്തി. മുപ്പത്തി എട്ടു വർഷമായി പരസഹായം പ്രതീക്ഷിച്ചു് അതിന്റെ അഭാവത്തിൽ നിസ്സഹായനായി കഴിഞ്ഞ ഒരുവനായിരുന്നു ആ രോഗി. ഒരുവന്റെ ഇച്ഛയ്ക്കു വിരുദ്ധമായി അവനെ സുഖപ്പെടുത്തുവാൻ ദൈവംപോലും അപ്രാപ്തനാണു്. പൂർണ്ണനാകുന്നതിനു് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ പാപങ്ങളും കുറവുകളും നാമറിയുന്നുണ്ടു്. അവയ്ക്കു പരിഹാരമെന്താണെന്നും പക്ഷെ നമുക്കറിയാം. എന്നാൽ നാം ഒന്നും ചെയ്യുന്നില്ലെന്നു മാത്രം. അങ്ങനെ പ്രവൃത്തിരഹിതമായ ഒരവസ്ഥയിൽ ദൈവത്തിനുപോലും ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. "നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ?" ആ ചോദ്യം ഇന്നും ദിഗന്തങ്ങളിൽ മുഴങ്ങുന്നുണ്ടു്. അതിനു് ആർ ചെവികൊടുക്കും.

ബുധൻ. യോഹ. 5. 39—47

യഹൂദന്മാർ—അവരോടാണല്ലോ കർത്താവു സംസാരിച്ചതു്—പഴയനിയമഗ്രന്ഥത്തിൽ കൂടെ അവർക്കു് ലഭിച്ച ന്യായപ്രമാണം ദിവ്യ വചനമായി കരുതിയിരുന്നു. എന്നു മാത്രമല്ല അവയുടെ സൂക്ഷ്മമായ ആചരണം നിത്യജീവൻ പ്രദാനം ചെയ്യുമെന്നു് വിശ്വസിച്ചു വരുന്നു. എന്നാൽ തിരുവെഴുത്തുകളെ അവർ പരിശോധിച്ച രീതി ആ ഗ്രന്ഥത്തിന്റെ ലക്ഷ്യംതന്നെ വ്യതിചലിപ്പിച്ചു കളഞ്ഞു. അതു് എഴുതപ്പെട്ടതു തന്നെ വരുവാനിരിക്കുന്ന ക്രിസ്തുവിനെ സാക്ഷിക്കുവാനായിരുന്നു. അതു് വ്യാഖ്യാനിക്കപ്പെടേണ്ടതു് ദൈവത്തിന്റെ ജീവനുള്ള "വചന"ത്തിന്റെ സഹായത്തോടുകൂടെയാണു്. അവൻ മാത്രമാണു ജീവൻ നൽകുവാൻ പര്യാപ്തൻ.

മനുഷ്യരുടെ വിചാരങ്ങൾ അറിയുവാൻ കഴിവുണ്ടായിരുന്ന കർത്താവു്, "ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല" എന്നു കല്പിച്ചപ്പോൾ ചിലരുടെ വിമർശനത്തെ മുൻനിർത്തി ആയിരിക്കാം സംസാരിച്ചതു്. താൻ വന്നതു് ബഹുമാനം വാങ്ങിപ്പാനല്ല ജീവൻ നൽകുവാനാണ്. നാം ദൈവത്തെ ആരാധിക്കുമ്പോൾ തന്റെ പുകഴ്ചകൾ പാടി കേൾക്കുന്നതിനു താല്പര്യമുള്ള ദൈവത്തിന്റെ ആഗ്രഹങ്ങൾക്കു തൃപ്തി വരുത്തുകയല്ല ചെയ്യുന്നതു്. നമ്മുടെ ആരാധന ദൈവത്തിന്റെ പരിശുദ്ധിയുടെ മനോഹാരിത, തന്റെ ദിവ്യഗാംഭീര്യം, സ്നേഹത്തിന്റെ ആഴ ഇവയെ നാം അംഗീകരിച്ചു് അവയിൽ പങ്കുകാരാകുവാനുള്ള താല്പര്യം പ്രദർശിപ്പിക്കുകയാണു ചെയ്യുന്നതു്. നമ്മുടെ സ്തുതിഗീതങ്ങൾകൊണ്ടു് ദൈവത്തിനു് മഹത്വം സൃഷ്ടിക്കുവാൻ നമുക്കു കഴിയുന്നതല്ല, തന്റെ മഹത്വം മനസ്സിലാക്കി തന്നെ ആരാധിക്കുവാനേ നമുക്കു കഴിയൂ.

വ്യാഴം. യോഹ. 5. 21—26

"ജീവൻ" ഈ സുവിശേഷത്തിൽ ആവത്തിച്ചാവത്തിച്ചു് കാണുന്ന ഒരു പദമാണു്. ക്രിസ്തുവിനെ അറിയുന്നവർ അവനെ സ്നേഹിക്കുകയും സേവിക്കുകയും അവനായി ജീവിക്കുകയും ചെയ്യുന്നു. എന്നാൽ ജീവിതത്തിൽ മരിച്ചവരായി ജീവിക്കുന്നവരുണ്ടു്. മരണവും ജീവനും ഒരു തരത്തിൽ പറഞ്ഞാൽ ഈ ലോകത്തിൽ ഇപ്പോഴുള്ള ജീവിതത്തിന്റെ രണ്ടു വശങ്ങൾ മാത്രമാകുന്നു. ക്രിസ്തുവിന്റെ വചനം കേട്ടു് അവനിൽ വിശ്വസിക്കുന്നവർ മരണാവസ്ഥയിൽനിന്നു് ജീവനിലേക്കുകടക്കുന്നു. ക്രിസ്തുവിൽ വിശ്വസിക്കുക—അവനെ നമ്മുടെ രക്ഷകനായിക്കൈക്കൊണ്ടു് നമ്മെ അവനു് പരിപൂർണ്ണമായി സമർപ്പിക്കുക—അത്ഭുതകരമായ കാര്യമാകുന്നു. അങ്ങനെ നാം ക്രിസ്തുവിൽ വിശ്വസിക്കുന്ന പക്ഷം അവന്റെ ജീവൻ നമ്മിലേക്കു് ഒഴുകുന്നതാണു്. നമ്മുടെ കർത്താവു് ജീവന്റെ ഉറവയാകുന്നു. നിത്യജീവങ്കലേക്കു് പൊങ്ങിവരുന്ന ജീവജലം കർത്താവു് ശമറിയക്കാരിക്കു് വാഗ്ദത്തം ചെയ്തു. മറ്റൊരവസരത്തിൽ താൻ ജീവനുള്ള അപ്പമാണെന്നു് പ്രഖ്യാപിക്കുകയുണ്ടായി. ഭക്തിപൂർവം വിനയസമേതം നാം ക്രിസ്തുവിനെ സമീപിക്കുന്ന പക്ഷം അവൻ നമുക്കു് മാതൃകയായിത്തീരുകയോ സദുപദേശങ്ങൾ നൽകുകയോ മാത്രമല്ല ചെയ്യുന്നതു്: അവന്റെ ജീവൻ നമ്മിലേക്കു് ഒഴുകുകയും അതു് നമ്മിൽത്തന്നെ ഒരു പുതിയ ജീവ ഉറവ ആയിത്തീരുകയും ചെയ്യുന്നു.

വെള്ളി. യോഹ. 6. 41—51

കർത്താവും ശിഷ്യന്മാരുംകൂടി ഭക്ഷിച്ച അന്ത്യ അത്താഴത്തിന്റെ വിവരങ്ങളൊന്നും ഈ സുവിശേഷത്തിൽകാണുന്നില്ല. എന്നാൽ അതിന്റെ ഒരു വ്യാഖ്യാനം ഗ്രന്ഥകർത്താവു് നൽകുന്നുണ്ടു്. ക്രിസ്തു പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളെപററി നമുക്കുള്ള അഭിപ്രായം അന്തിമമായി ക്രിസ്തുവിൽ നമുക്കുള്ള വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു. താൻ ഒരു ഉപദേഷ്ടാവും ന

ല്ല മനുഷ്യനും മാത്രം ആയിരുന്നു എന്നു വിശ്വസിക്കുന്നവർ ആ അഭിപ്രായം കൊണ്ടു തന്നെ ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഗ്രഹിക്കുവാൻ അപ്രാപ്തരാകുകയാണു ചെയ്യുന്നതു്. വിശ്വാസിക്കു നിത്യജീവൻ ഉണ്ടു്. അവിശ്വാസം ഒരുവനെ ക്രിസ്തീയമായ അനുഭവങ്ങൾക്കു വെളിയിൽ നിർത്തുന്നു. യേശുവിങ്കലേക്കു വരികയും തന്നിൽ വെളിപ്പെടുത്തപ്പെട്ട ദൈവമഹത്വത്തിനു തങ്ങളെ തന്നെ സമർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണു പിതാവും ദൈവവുമായുള്ള സ്നേഹബന്ധത്തിൽ വരികയും അങ്ങനെ സത്യം ഗ്രഹിക്കുവാൻ പ്രാപ്തരാകുകയും ചെയ്യുന്നതു്. സുവിശേഷ കർത്താവ് കർത്താവിന്റെ ദൈവത്വം സ്ഥാപിക്കുവാൻ വാദത്തിനു മുതിരുന്നില്ല. തന്റെ സ്നേഹം പരീക്ഷിച്ചറിഞ്ഞ് അനുഭവംകൊണ്ടു തീരുമാനിക്കുവാനാണ് അവൻ ആവശ്യപ്പെടുന്നതു്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കർത്താവ് ജീവന്റെ അപ്പമാകുന്നുവെന്ന് നാം ഗ്രഹിക്കുന്നതു്. ക്രൈസ്തവാനുഭവങ്ങളുടെയാഥാർത്ഥ്യത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനുള്ള വൈമുഖ്യം മൂലം നിർജ്ജീവമായ അവസ്ഥയിൽ ജീവിക്കുന്നവർ എത്ര പേരുണ്ടു്.

ശനി. യോഹ. 6. 52—63

ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ക്രിസ്തീയാനുഭവങ്ങളിൽനിന്നു് വളരുന്നതാണു്. നമ്മുടെ ശ്രമംകൊണ്ടു സാധിക്കുന്ന ഒന്നല്ല അതു്. ദൈവം തന്റെ സ്നേഹത്തിൽ നമ്മെ തങ്കലേക്കാകർഷിക്കുന്നു. ആ സ്നേഹത്തിനു നാം വിട്ടുകൊടുക്കുന്നതനുസരിച്ച് അവൻ ആരാണെന്നും അവൻ നമുക്കു എന്തു ചെയ്യുന്നു എന്നും നാം അറിയുന്നു. ക്രിസ്തുവിലുള്ള സജീവമായ ഒരനുഭവമാണു തന്റെ കർതൃത്വത്തിനു മതിയായ തെളിവു്. ആ അനുഭവത്തിനുവെളിയിലുള്ളവർക്കു് യേശുവിന്റെ കർതൃത്വം അസാധ്യമായി തോന്നും. ഈ മനുഷ്യൻ അവന്റെ മാംസം നമുക്കു ഭക്ഷിപ്പാൻ തരുന്നതിനു് കഴിയുന്നതെങ്ങിനെ എന്നുള്ള ചോദ്യം ആ അനുഭവത്തിന്റെഅഭാവഫലമായിരുന്നു. വി: കുർബാനയെപ്പററി വസ്തുമാത്രമായ അഭിപ്രായം ക്രൈസ്തവർ പുലർത്തുന്നുണ്ടെങ്കിൽ അവർ ക്രിസ്തുവിന്റെ മനസ്സും തന്റെ ഉപദേശവും ഗ്രഹിച്ചിട്ടില്ലെന്നു ചിന്തിച്ചാൽ മതി. കൂദാശകൾ മുഖാന്തരം ക്രിസ്തുവുമായി സജീവവും ദൃഢതരവുമായ ഒരനുഭവത്തിൽ വരുവാൻ ക്രൈസ്തവനു കഴിയുന്നു. തന്മൂലം അവന്റെ ക്ഷമ നമ്മുടെ മുറിവുകളെ സുഖപ്പെടുത്തുകയും തന്റെ സ്നേഹം നമ്മിലെ സജീവമായ ശക്തിയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെപ്പററിയുള്ള ബോധം കൂടാതെ നാം വി: കുർബാനയിലേക്കു വന്നു എന്നു വരാം. എന്നാലും നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയെ അവൻ നമുക്കു വച്ചു നീട്ടുന്നുണ്ടു്. ആ കൃപയെ അവകാശപ്പെടുത്തേണ്ടതു് നമ്മുടെ കർത്തവ്യമാകുന്നു.

## ഇന്ത്യയുടെ നിലപാടു സഹിഷ്ണതയോടുകൂടി വീക്ഷിക്കണം—ഇന്ത്യൻ ബിഷപ്പ് അമേരിക്കരെ ഉൽബോധിപ്പിക്കുന്നു

ബഫലോ, ന്യൂയോർക്കു് ജൂലൈ 1—

"ശീതസമരത്തിൽ" ഇന്ത്യ നിഷ്പക്ഷനില അവലംബിക്കുന്നതു് എന്തുദ്ദേശത്തോടുകൂടിയാണെന്നു് മനസ്സിലാക്കാൻ ശ്രമിക്കണമെന്നു് അമേരിക്ക സന്ദർശിച്ചിരിക്കുന്ന ഇന്ത്യൻ മെതഡിസ്റ്റു് ബിഷപ് എസ്. കെ. മണ്ഡൽ ഇയ്യിടെ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം മെതഡിസ്റ്റു് സഭയുടെ ഒരു വാർഷികസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു.

"ഇന്ത്യ ഒരു 'മാർഗ്ഗമദ്ധ്യനയം' സ്വീകരിക്കുന്നതുകൊണ്ടും അമേരിക്കയോടു് എപ്പോഴും യോജിച്ചു പോകാത്തതുകൊണ്ടും, ഇന്ത്യ കമ്യൂണിസത്തിലേക്കു് തിരിയുകയാണെന്നു് ആളുകൾ വിചാരിക്കുന്നു. പക്ഷേ: അതു തെററാണ്" എന്നു് ബിഷപ് മണ്ഡൽ പറഞ്ഞു.

ഒരു വിപൽഘട്ടം നേരിടാൻ ഇന്ത്യ പാശ്ചാത്യജനാധിപത്യ രാജ്യങ്ങളോടുചേർന്നു നിൽക്കുമെന്നതിനു് യാതൊരു സംശയവുമില്ലെന്നും, രാഷ്ട്രീയവും സൈനികവുമായ ഉടമ്പടികളിൽ ഉൾപ്പെടാതെ നിന്നുകൊണ്ടു് ഇപ്പോൾ ലോകസമാധാനത്തിനു് ഏററവുമധികം സംഭാവന നൽകാൻ ഇന്ത്യക്കു് കഴിയുമെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

## യൂറോപ്പിൽ

യൂറോപ്യൻ രാജ്യങ്ങളിൽ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം സഭകൾ വളർന്നുകൊണ്ടിരിക്കുന്നു എന്നാണു് പ്രസ്തുത രാജ്യങ്ങളിൽ ഈയിടെ പര്യടനം നടത്തിയ മെത്തഡിസ്റ്റ് ബിഷപ്പ് ബാസ്കോംവാട്ട്സ് പ്രസ്താവിച്ചിരിക്കുന്നതു്. അദ്ദേഹം യൂഗോസ്ലെവിയ, റഷ്യൻ അധികാരത്തിലുള്ള ജർമ്മനി, ആസ്ട്രേലിയ എന്നീ രാജ്യങ്ങളും സന്ദർശിച്ചു. റഷ്യൻ സോണിലുള്ള പള്ളികൾ തുടർന്നു പോകുന്നതിനനുവദിച്ചിരിക്കുന്നു. വലിയ പ്രയാസങ്ങളിൽ കൂടിയാണെങ്കിലും ഇടവകകൾ വളരെ തീക്ഷ്ണതയോടുകൂടി മുന്നോട്ടു പോകുന്നു എന്നും അദ്ദേഹം തുടർന്നു പറയുകയുണ്ടായി.

**ജയഭാരതം ആര്യവൈദ്യശാല (Regd.)**

H. O. പുനലൂർ.

**ഏജൻസികൾ**—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്ട്, കല്ലിശ്ശേരി, എഴുകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്ട്, ചെങ്ങമനാട്ട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

**പ്രധാനവൈദ്യൻ**

**പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി**

**പുനലൂർ**

അസ്സീസ്സിയിലെ ഫ്റാൻസിസ് 3

# എന്തിനു മുള്ളിനോട് ഉതയ്ക്കുന്നു?

എം. കെ.

"പാലംകടക്കുവോളം നാരായണ. നാരായണ; പാലം കടക്കുമ്പോൾ കൂരായണ." യുവത്വം തളിരിട്ടുനിന്ന ഫ്രാൻസിസ് ഏറെത്താമസിയാതെ ശക്തിയും ഊർജ്ജിതവും വീണ്ടെടുത്തു. അതോടൊപ്പം തന്നെപ്പററിത്തന്നെയുള്ള നല്ല അഭിപ്രായവും. പടിവാതിൽക്കൽ വച്ചുണ്ടായ വ്യാമോഹത്തിൻെറ നിമിഷങ്ങൾ വിസ്മൃതങ്ങളായി. പഴയ ജീവിതോന്മേഷവും ആമോദാഭിവാഞ്ഛയും വീണ്ടുകിട്ടി. സംഗീതപര്യടന സംഘങ്ങൾ അസ്സീസ്സിയുടെ തെരുവുകളിൽ ആർത്തുതിമിർത്തു ഗാനാലാപം നടത്തിത്തുടങ്ങി. ഫ്റാൻസിസിൻെറ സ്വരമാധുര്യം ആ പ്രദേശത്തെ അന്തരീക്ഷത്തിൽ മനോജ്ഞതയുടെ അലകൾ ചാർത്തി. യശോധാവള്യത്തെപ്പററിയ മോഹനസ്വപ്നങ്ങൾ ആ ദിവസങ്ങളെ മത്തുപിടിപ്പിച്ചു. ആ യുവഹൃദയം ആവേശത്താൽ ദ്രുതതരം ത്രസിച്ചു.

അവസാനം ഒരവസരം വഴിയേ വന്നു. ഇററലിയിൽ ഒരു സമരഭീതി നിഴൽ ചൂടാൻ തുടങ്ങീട്ടു കുറേ നാളായി. ഇന്നസൻറ് മൂന്നാമൻ പാപ്പായുടെ ഭരണകാലമാണതു്. വിദഗ്ധനായ ആ അധികാരസാർവ്വഭൗമൻെറ നേതൃത്വത്തിൽ സഭയ്ക്കു പുതുജീവനും പ്രതാപവും ലഭിച്ചപോലെയായി. അങ്ങോട്ടു കയറി ഉടക്കിക്കളയാം എന്നൊരു മട്ട്. ജർമ്മൻ സൈന്യമാണ് ശത്രു. ലക്ഷ്യമോ ദക്ഷിണ ഇററലിയും. ഈ രാജ്യവിഭാഗത്തിൻെറ റീജൻറായി ഇന്നസൻറു പാപ്പാ സ്വയം പ്രഖ്യാപിച്ചു. പട്ടാളങ്ങൾ മാർച്ചുചെയ്യാൻ ഉത്തരവുകൊടുത്തു.

1204-ാം വർഷം. പലതവണ പരാജയം വരിച്ചപേപ്പൽസൈന്യം വാൾട്ടർ പ്രഭുവിൽ ഒരു പുതിയ സൈന്യാധിപനെ കണ്ടെത്തി. ഹർഷാരവത്തോടേ അദ്ദേഹം സ്വാഗതം ചെയ്യപ്പെട്ടു.

പരാജയമെന്നതു് വാൾട്ടറിൻെറ യുദ്ധതന്ത്രത്തിലില്ലത്രേ. അങ്ങോളമിങ്ങോളം, യുവാക്കൾക്കിടയിൽ പ്രത്യാശയും ധൈര്യവും വളർന്നു. അസ്സീസ്സിയിലും ഒരു സംഘം കുതിരപ്പട്ടാളം രൂപവൽകൃതമായി. ഫ്രാൻസിസ് സസന്തോഷം അതിൽ ചേർന്നു. മോടിയേറിയ പട്ടാളവേഷവിധാനങ്ങൾ അണിഞ്ഞു് യുദ്ധരംഗത്തേക്കു പുറപ്പെടാനിറങ്ങിയ സ്വപുത്രനെക്കണ്ടു് പീറ്റോ അഭിമാനം പൂണ്ടു. അമ്മ പൈക്കായും സന്തോഷഭരിതയായി. അനുജനായ ഏഞ്ചലോ അത്ഭുതംകൂറി നോക്കിനിന്നു. തൻെറ വേഷം ഫ്റാൻസിസിനു് ഒട്ടേറെ പിടിച്ചു; മനസ്സു തുള്ളിച്ചാടി.

യാത്രോദ്യമം ദൈവത്തിനുവേണ്ടിയാണെന്നുള്ളതിനെപ്പററിയോ ജർമ്മൻകാർ പിശാചിൻെറ പിണിയാളന്മാരാണെന്നതിനെപ്പററിയോ ആ യുവാവിനു സംശയമേ ഉണ്ടായിരുന്നില്ല. സംശയാത്മകമായ ചോദ്യചിഹ്നങ്ങൾ ഫ്റാൻസിസിനെ അലട്ടിയിരുന്നില്ലെന്നു പറയണം. വികാരപരതയാണ് ആ യുവാവിൽ മികച്ചു നിന്നിരുന്നതു്. ഒരു കുരിശുയുദ്ധത്തിനു പോവുകയാണെന്നു ഫ്റാൻസിസ് വിശ്വസിച്ചു. അടുത്തകാലത്തെങ്ങുമുണ്ടായിട്ടില്ലാത്ത ആനന്ദാനുഭൂതി ഇപ്പോൾ അനുഭവവേദ്യമായി. ഉദ്ദേശങ്ങൾ തമ്മിലുള്ള സംഘട്ടനം ഇപ്പോഴിതാ ഒരു ഐക്യനിരയിൽ ലയിച്ചുകഴിഞ്ഞിരിക്കുന്നു. ഏകകാലത്തിൽ ഒരു വീരയോദ്ധാവായും ഒരു ദൈവപുരുഷനായും പ്രവർത്തിക്കുന്നതിനുള്ള സുവർണ്ണാവസരം ഇതാ കൈവന്നിരിക്കുന്നു. അപ്പനെയും അമ്മയെയും പ്രീണിപ്പിക്കാം. സാഹസകൃത്യങ്ങൾക്കും അദ്ധ്വാനത്തിനും അവസരം ലഭിക്കും. സേവനത്തിനും പ്രശംസാലബ്ധിക്കുമുള്ള ഒരവസരം. ക്രിസ്തുവിനും വാൾട്ടറിനും വേണ്ടി മരിക്കാൻ സന്നദ്ധനായ താൻ ഒരു സേവനമല്ലേ അനുഷ്ഠിക്കുന്നതു്? രണ്ടുലോകത്തിലും അത്യുത്തമമായതു് ആസ്വദിക്കാനുള്ള ഒരു അസുലഭയോഗ്യതയാണ് തേടിവന്നിരിക്കുന്നതു്. സ്വഭാവത്തിലെ വിഭക്തത അടഞ്ഞുചേർന്നു, കരിഞ്ഞുണങ്ങി. മനസ്സമാധാനവും അതിൽനിന്നുണ്ടാകുന്ന ഓജസ്സും ഉന്മേഷവും കരകവിഞ്ഞൊഴുകി.

അവ ആനന്ദം ഓളംവെട്ടുന്ന ദിവസങ്ങളായിരുന്നു. അണപൊട്ടിയ സന്തോഷം രാത്രിയിൽ ആ യുവാവിൻെറ ഉറക്കത്തെക്കൂടി പ്രദീപ്തമാക്കി. മാനസികാപഗ്രഥനത്തിൻെറ ഈ നാളുകളിൽ ഒരിക്കൽ ഒരു കിനാവുകണ്ടു. ഫ്റാൻസിസ് ഏകനായി പിതാവിൻെറ കടയിൽ നിൽക്കുകയാണ്. പെട്ടെന്നു് എങ്ങനെയോ അതൊരു കൊട്ടാരമായി മാറി. വിശേഷപ്പെട്ട ഒരു മണിമന്ദിരം. മാത്രമല്ല ചാരത്തായി ഒരു സ്വർഗ്ഗകന്യകയും. തൻെറ ഭാവനയെ എല്ലാ വിധത്തിലും തൃപ്തിപ്പെടുത്തത്തക്ക അംഗലാവണ്യത്തോടുകൂടിയ ഒരു അപ്സരസ്സ്. അതേ, അവൾ തൻെറ മണവാട്ടിയാണ്. ഈ കൊട്ടാരം അവരിരുവരുടേയും സ്വന്തമാണ്. അവിടെക്കണ്ട ആയുധങ്ങളും പടക്കോപ്പുകളും തൻെറ കീഴിലുള്ള അനുയായികളുടേതാണെന്നു് ഒരു ശബ്ദം മന്ത്രിച്ചു. ഒരു മനോഹരഹർമ്മ്യം, ഒരു

**THE BANK OF NEW INDIA Ltd.**

**H. O. TRIVANDRUM**

**BOARD OF DIRECTORS:**

Sri. K. George B. A., Trivandrum(Chairman)
,, E. J. Philipose B. A. B. L. Trivandrum.
,, N. O. Inasu, Trichur,
,, P. C. Kurian M. A. B. L., Madras.
,, C. J. John B. A. Kottayam.
,, P. T. Varughese, Perumpavoor.
,, P. K. Chacko, Alwaye.

K. E. CHERIAN,
General Maneger.

**Licence No. 498** **Dated 20-8-1946** **Reg. M. 5268**

# THE CHURCH WEEKLY

മണവാട്ടി, പരിചകളും കുന്തങ്ങളും, വാളും—ആനന്ദസാന്ദ്രമായ ഒരു ഭാവനാലോകം.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. അസ്സീസ്സിയിലെ യുവസേനാനികൾ അണിഞ്ഞൊരുങ്ങി. പട്ടണവാസികൾ ആശിസ്സുകൾ നൽകി അവരെ യാത്രയയച്ചു. ദക്ഷിണാഭിമുഖമായി യാത്ര തുടർന്നു. വർണ്ണശബളിമകലർന്ന പട്ടാളക്കാരുടെ കബാത്തും ശബ്ദഘോഷവും കേട്ട്, സെഫിയുടെ പത്തു വയസ്സുള്ള കൊച്ചുമകൾ ജാലകത്തിലൂടെ പുറത്തേക്കു നോക്കിക്കാണണം. അവളെന്തറിഞ്ഞു! വിശാലമായ കറുത്തകണ്ണുകളും തവിട്ടുനിറമിയന്ന ശരീരചർമ്മവുമുള്ള ഒരു ചെറുപ്പക്കാരൻ ലാഘവമാനസനായി കുതിരയോടിച്ചുപോകുന്നതു് നോക്കിക്കൊള്ളണമെന്നു് ആരും അവളോടാവശ്യപ്പെട്ടില്ല.

കുതിരപ്പട്ടാളം ദക്ഷിണാഭിമുഖമായി യാത്ര തുടർന്നു. പിയാസ്സാസാന്റ് ജോർജ്ജിയോ കടന്നു്, സ്പോളറേറാവിലേക്കു നയിക്കുന്ന വിസ്തൃതവീഥിയിലൂടെ അവർ കുതിരയോടിച്ചുപോയി.

സ്പോളറേറാവിൽ വച്ചു് ഒരു വിചിത്ര സംഭവമുണ്ടായി. അതെന്താണെന്നു ആരുമറിഞ്ഞില്ല. വിശദീകരിക്കാൻ പ്രയാസമായ ഒരു പ്രവൃത്തിക്കു കാരണമാക്കി. ഫ്രാൻസിസിന്റെ ജീവിതത്തിലേക്കും മികച്ച ധൈര്യപ്രവൃത്തിയായി ചിലരതിനെ പരിഗണിക്കുന്നു. മററുചിലരുടെ ദൃഷ്ടിയിൽ അതു് സ്വാർത്ഥപൂരിതമായ ഒന്നാണു്. എന്നാൽ സ്വയസ്നേഹവും സ്വയം വർജ്ജനവും അതിൽ അന്തർഭവിച്ചിരുന്നിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കേവലങ്ങളായ വീരോചിതകൃത്യങ്ങൾക്കു് ഫ്രാൻസിസ് ഇനിയും തയ്യാറായിരുന്നില്ല. തങ്ങളേക്കാൾ മോടിയിൽ വസ്ത്രധാരണംചെയ്തു ഉയർന്ന സാമൂഹ്യനിലയിലുള്ള വണിക്കുമാരനെ സ്വന്തംഅധികാരത്തിൽ കിട്ടിയപ്പോൾ, ചെറുപ്പക്കാരായ സൈനികോദ്യോഗസ്ഥന്മാർക്കു് ഉശിരുകയറി, ആ യുവാവിനെ പരിഹസിക്കാൻ ശ്രമിച്ചിരിക്കാം. അങ്ങനെയെങ്കിൽ, സ്നേഹവാത്സല്യങ്ങൾ തേടുന്ന ഒരു യുവാവിനു് ഒരു വലിയ പ്രഹരമായിരിക്കണമതു്. (പഴയജ്വരം വീണ്ടും ഫ്രാൻസിസിനെ പിടികൂടിയെന്നും ദൈവത്തിന്റെ ഒരു യോദ്ധാവാകുന്നതിനു പകരം ദൈവഭൃത്യനായിരിപ്പാനാഗ്രഹിക്കുന്നതെന്താണെന്നു് ഉറക്കത്തിൽ ഒരു ശബ്ദം കേട്ടുവെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ടു്. ഇതു് വളരെ ശരിയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.)

അഭിമാനക്ഷതം സംഭവിച്ചപ്പോൾ വിറയൽ പൂണ്ടു്, ദൈവത്തെ കിനാവു കണ്ടിരിക്കാം. അഗാധമായ ഒരു വിനയസ്വഭാവം. മനുഷ്യനിലെ കട്ടത്ത മണ്ണു ഭേദിച്ചു, ആത്മാവിന്റെ കാര്യങ്ങൾക്കു പ്രവേശനമാർഗ്ഗം സൃഷ്ടിച്ചിരിക്കണം. ഒരു പട്ടാളക്കാരനായിരിക്കുന്നതിലുള്ള സന്തോഷം മുഴുവൻ തകർന്നുവീണപ്പോൾ ആ യുവാവു് ദൈവത്തിനുവേണ്ടി ദാഹിച്ചിരിക്കാം. അതിരാവിലെ അത്ഭുതകരമായ ഒരു വഴിത്തിരിവു് ഫ്രാൻസിസിനു കാണാറായി നിനക്കെന്താണാവശ്യം? ധൂർത്തടിയോ എന്നാൽ മനുഷ്യരുടെ പുറകെ പോകുന്നതിനേക്കാൾ, ദൈവസേവനത്തിൽ സ്വയം ചെലവഴിച്ചുകൂടേ? അതത്ഭുതകരമായിരിക്കുമെന്നു തോന്നീട്ടില്ലേ? പിന്നെന്തിനു് മുള്ളിനുനേരേ ഉതയ്ക്കണം?’’

പ്രഭാതസമയം. മൂന്നുമണിയായിരിക്കണം. മനസ്സു് അച്ഛസ്ഫടികവും ഏകാഗ്രവുമായിരിക്കുന്ന സമയമാണതു്. വാൾട്ടറെ പിന്തുടരാൻ പടച്ചട്ട ധരിച്ച താൻ തനിക്കുതന്നെ എതിരായി ആ വാൾ ധരിക്കുകയായിരുന്നെന്നു് കണ്ടു. തണുത്ത വ്യക്തമായ പ്രകാശത്തിൽ വീണ്ടും ആ വാൾ കണ്ടു. കരുണാർദ്രതയ്ക്കു് ആവശ്യമുള്ളതിനേക്കാൾ വളരെ കൂടുതൽ മിനുക്കവും ഉജ്ജ്വലതയും അതിനുണ്ടായിരുന്നു. വാൾട്ടറോ? ക്രിസ്തുവിനെ തിരഞ്ഞെടുക്കുക എത്ര അത്ഭുതകരമാണു്.! എല്ലാം ഉപേക്ഷിക്കുക! എല്ലാം!!

ഒരു സംഗതി നിശ്ചയമാണു്. പിറേറന്നു രാവിലെ ഒരു യുവാവു് അശ്വാരൂഢനായി സ്പോളറേറായിലെ സൈനികപാളയംവിട്ടു് രാജവീഥിയിലിറങ്ങി. അസ്സീസ്സി അഭിമുഖമായി യാത്രയാരംഭിച്ചു. വളരെ മന്ദഗതിയിലാണു് യാത്ര. ശോകഭാവമാണോ അതോ പ്രത്യാശയുടെ തുടിപ്പാണോ കപോലങ്ങളിൽ പ്രത്യക്ഷപ്പെട്ടതെന്നു തീർത്തു പറയുക പ്രയാസമാണു്. നിരുന്മേഷനായി, മാന്ദ്യംപിടിച്ചിരിക്കുന്ന പ്രകൃതമല്ലായ്കയാൽ, തന്റെ ആദർശത്തെ പിന്തുടരാൻ ആ യുവാവു് കഠിനമായി യത്നിച്ചിരിക്കണം. തനിക്കുപററിയ മുറിവു് ആ യത്നത്തെ വളരെയധികം സഹായിച്ചു ശക്തിപ്പെടുത്തുവാനും ഇടയുണ്ടു്.

യാത്രവളരെ മന്ദഗതിയിലാണു്. ഹൃദയം ശോകാവേശംകൊണ്ടോ ആനന്ദംകൊണ്ടോ ത്രസിച്ചിരുന്നാലും, ഒരു ചോദ്യം വീണ്ടും വീണ്ടുമുയർന്നുവന്നു: എന്താണു് ഞാനീച്ചെയ്യുന്നതു്? ഞാൻ എന്തുചെയ്തു? എന്തൊരു ഭയങ്കരമായ അടിവയ്പാണിതു്? എന്റെ കിനാവുകളെല്ലാം പുറംതള്ളി, അവയോടെല്ലാം യാത്രപറഞ്ഞുള്ള ഈ പോക്കു്! ഇതെവിടേയ്ക്കാണു്?

**Punnathra Tile Works Kottayam.**
**ETTUMANOOR A. O.**

## പുന്നത്ര ഓട്ടു കമ്പനി

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

**OUR SURKI POWDER A SPECILITY.**

For further partriculars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

Printed and Published by N.M. Abraham B.A. at the Malayala Manorama Press, Kottayam